# ദി ഡിഫെൻഡർ

Vol. No. 11 Issue No. 13 RNI Reg. No. 68089 / 97 Published From Perumbavoor 2008 JULY 1 Price: Rs.100/- P.A.


# പതാകപ്രശ്നം രൂക്ഷമാകുന്നു



കെ.എ.ഏബ്രഹാമിന്റെ പതാകപ്രസംഗം വീണ്ടും വിവാദത്തിലേക്ക്. ഇന്ത്യൻ ദേശീയ പതാകയ്ക്ക് പുതിയ വ്യാഖ്യാനം നൽകി കെ.എ.ഏബ്രഹാം നൂറുകണക്കിനു സ്റ്റേജുകളിൽ പ്രസംഗിച്ചിരുന്നു. ഇത് ആരോ യൂട്യൂബിൽ ഇട്ടതോടെയാണ് അവരാന്റെ വിവരക്കേടു പരസ്യമായത്.

ഈ പ്രസംഗത്തിനെതിരെ ഡിഫെൻഡർ ശക്തിയായി പ്രതികരിച്ചു. തുടർന്ന് ചില പത്രമാസികകളിലും ടി.വി.ചാനലുകളിലും ഇതു വാർത്തയായി. പ്രസംഗം പിൻവലിച്ച് തടിതപ്പാൻ കെ.എ.ഏബ്രഹാം ശ്രമിച്ചെങ്കിലും ഈ കമ്പിളിക്കെട്ട് കെ.എ.ഏബ്രഹാമിനെ വിടുന്ന ലക്ഷണമില്ല.

വ്യാജസുവിശേഷകർക്കെതിരെ ഈയിടെ ഉണ്ടായ പ്രതിഷേധങ്ങൾക്കിടയിൽ കെ.എ.ഏബ്രഹാമും ശ്രദ്ധിക്കപ്പെട്ടു. കെ.എ.ഏബ്രഹാമിന്റെ വിവരക്കേടുകൾ കേട്ട് മനംമടുത്ത ചിലർ പതാകപ്രശ്നം വീണ്ടും വിവാദമാക്കി. അങ്ങനെ ചില പത്രമാസികകളിലും ചാനലുകളിലും പതാകപ്രസംഗം പ്രത്യക്ഷപ്പെട്ടു. ഈ പ്രസംഗത്തിനെതിരെ ചിലർ കേസ്സ് കൊടുത്തിട്ടുമുണ്ട്.

പ്രധാനമായി രണ്ടു വിധത്തിലുള്ള കുറ്റങ്ങളാണ് കെ.എ.ഏബ്രഹാം ഈ വിഷയത്തിൽ ചെയ്തത്. ദേശീയപതാകയ്ക്ക് വികലമായ വ്യാഖ്യാനം നൽകി അവഹേളിച്ചു. ഇത് രാജ്യദ്രോഹമായി കണക്കാക്കി നടപടിയെടുക്കാവുന്നതാണ്. ചിലർ ആ വഴിക്ക് നീങ്ങിക്കഴിഞ്ഞതായി അറിയാൻ കഴിഞ്ഞു. സമുദായ സംഘർഷം ഉണ്ടാക്കുന്ന വിധത്തിൽ പ്രസംഗിച്ചു എന്നതാണ് മറ്റൊരു കുറ്റം. ഇന്ത്യൻ പീനൽ കോഡിന്റെ 153.എ വകുപ്പനുസരിച്ച് മൂന്നു വർഷം വരെ തടവുകിട്ടാവുന്ന കുറ്റമാണിത്. ജാമ്യമില്ലാത്ത വകുപ്പാണിത്. അതുകൊണ്ട് കോടതിയിൽ നിന്നു മാത്രമേ ജാമ്യം എടുക്കാൻ കഴിയൂ.

ഏതായാലും കെ.എ.ഏബ്രഹാമിനെതിരെ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. പ്രഥമദൃഷ്ട്യാ കുറ്റക്കാരനെന്നു കണ്ടെത്തിയാൽ കേസ്സുമാത്രമല്ല അറസ്റ്റും ഉണ്ടാകും. കളി കാര്യമാകും.

# ഐ.പി.സിയിൽ കടുത്ത ഭിന്നത



കെ.സി.ജോൺ



റ്റി.എസ്.ഏബ്രഹാം



വൽസൻ ഏബ്രഹാം

ഐ.പി.സി എന്ന പേരിൽ അറിയപ്പെടുന്ന ഇന്ത്യൻ പെന്തക്കോസ്ത് സഭയിൽ ഭിന്നത രൂക്ഷമായിരിക്കുന്നു. ജനറൽ പ്രസിഡന്റായ കെ.സി.ജോണിന്റെ നേതൃത്വത്തിലുള്ള ഗ്രൂപ്പിനെതിരെ ജനറൽ സെക്രട്ടറിയായ വൽസൻ ഏബ്രഹാമും ഇയാളുടെ അപ്പനായ ടി.എസ്.ഏബ്രഹാമും (മുൻപ്രസിഡന്റ്) ചേർന്നാണ് പട നയിക്കുന്നത്. അടുത്ത തെരഞ്ഞെടുപ്പിൽ അധികാരം പിടിച്ചെടുക്കാനുള്ള അടവുകളുടെ ഭാഗമായാണ് ചേരിതിരിവുണ്ടായിരിക്കുന്നത്.

ഒരേ പദവിയിൽ മൂന്നു വർഷം വീതം ദൈർഘ്യമുള്ള രണ്ടു ടേമിലധികം തുടരാൻ ഐ.പി.സിയുടെ ഭരണഘടന അനുവദിക്കുന്നില്ല. കെ.സി.ജോണിന് ജനറൽ പ്രസിഡന്റെന്ന നിലയിൽ ഇത് ആദ്യ ഊഴമാണ്. അതുകൊണ്ട് അടുത്ത തെരഞ്ഞെടുപ്പിലും പ്രസിഡന്റ് സ്ഥാനത്തേക്കു മത്സരിക്കാം. പക്ഷേ എത്രയും വേഗം പ്രസിഡന്റാകുക എന്നത് വൽസന്റെ ആവശ്യമാണ്. ജനറൽ സെക്രട്ടറിയെന്ന പദവി ഉപയോഗിച്ച് വൽസൻ വർഷംതോറും പത്തുകോടിയോളം രൂപ വിദേശത്തുനിന്നു പിരിക്കുന്നുണ്ട്. എങ്കിലും അതുപോരാ. പ്രസിഡന്റായാൽ കുറഞ്ഞത് 25 കോടിയെങ്കിലും പോക്കറ്റിലാക്കാൻ കഴിയും.

പക്ഷേ പ്രസിഡന്റ് സ്ഥാനം നഷ്ടമായാൽ കെ.സി.ജോണിന്റെ സ്ഥിതി പരുങ്ങലിലാകും. പവ്വർ വിഷന് പണം പിരിക്കുന്നതിന് ഐ.പി.സിയുടെ പ്രസിഡന്റ് എന്ന പദവി കുറച്ചൊന്നുമല്ല സഹായിക്കുന്നത്. സർക്കാരിനെ അട്ടിമറിക്കാൻ ഡിസംബർ 22ന് തിരുവനന്തപുരത്തു നടത്തുന്ന റാലിക്ക് പണം പിരിക്കുന്നതും ഐ. പി.സി പ്രസിഡന്റെന്ന പദവി ഉപയോഗിച്ചാണ്. ഇതിനെല്ലാം ഉപരിയായി ഒരു വാർത്താ ചാനൽ കൂടി തുടങ്ങാൻ പദ്ധതിയുണ്ട്. ഒത്താൽ ഒരു പെന്തക്കോസ്ത് ദിനപ്പത്രവും തുടങ്ങണം. ഇതിനൊക്കെ പണം വേണം. പണം കിട്ടണമെങ്കിൽ അധികാരം വേണം. അതുകൊണ്ട് കെ.സി.ജോണും വാശിയോടെ പോരാടും.

താനാണ് ഇന്ത്യയിലെ പെന്തക്കോസ്തിന്റെ പരമോന്നത നേതാവ് എന്നു സർക്കാരിനേയും രാഷ്ട്രീയ പാർട്ടികളേയും ധരിപ്പിച്ച് ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗത്വം തട്ടിയെടുക്കുകയാണ് കെ.സി.ജോണിന്റെ ലക്ഷ്യം.

പക്ഷേ ഇതു തടയാതെ ടി.എസ്.ഏബ്രഹാമിനും മകനായ വൽസനും നിലനിൽപ്പില്ല. ടി.എസ്.ഏബ്രഹാമിന്റെ അപ്പനായ കെ.ഈ.ഏബ്രഹാമാണ് ഐ.പി.സി സ്ഥാപിച്ചതെന്നും ആ തഴമ്പിന്റെ മഹത്വംമൂലം ഇന്ത്യയിലെ പെന്തക്കോസ്തിന്റെ സ്ഥിരം നേതാക്കൾ തങ്ങളാണെന്നും പ്രചരിപ്പിച്ചു നടക്കുന്ന ചങ്ങാതിമാർക്ക് കെ.സി.ജോൺ ഇന്ത്യയിലെ പെന്തക്കോസ്തിന്റെ പ്രതീകമാണെന്നു വരുന്നത് സഹിക്കാവുന്നതിലും അപ്പുറമാണ്. അതുകൊണ്ട് അവർ ഒരുമുഴം മുൻപേ എറിയുകയാണ്. രണ്ടിൽ ഏതെങ്കിലും ഒരു പക്ഷത്തു നിൽക്കാതെ ഛോട്ടാ നേതാക്കൻമാർക്കു നിലനിൽപ്പില്ല. അതുകൊണ്ട് അവരും ഓരോ പക്ഷം പിടിക്കുന്നു.

ആത്മീയലോകത്തെ വ്യാജൻമാർക്കെതിരെ ഈയിടെയുണ്ടായ റെയ്ഡും മറ്റും പ്രശ്നങ്ങൾ സങ്കീർണ്ണമാക്കിയിരിക്കയാണ്. തങ്കു ഉൾപ്പെടെയുള്ളവരുടെ പിൻതുണ കെ.സി.ജോൺ ഉറപ്പാക്കിയപ്പോൾ ടി.എസ്.പക്ഷം സ്വാഭാവികമായും ഇവരെ എതിർക്കുന്ന നിലപാടു സ്വീകരിച്ചു. തങ്കുവിന് ഐ.പി.സിയിൽ അഫിലിയേഷൻ നൽകാൻ കെ.സി.ജോൺ നീക്കം ആരംഭിച്ചപ്പോൾ മറുപക്ഷം അതിനെതിരെ പ്രമേയം പാസ്സാക്കി. ചാനലിനും റാലിക്കും പണം പിരിക്കാൻ അമേരിക്കയിൽ പോയിരിക്കുന്ന കെ.സി.ജോൺ മടങ്ങിവന്നാലുടൻ പോര് പൂർവ്വാധികം ശക്തിയാർജ്ജിക്കും.

# മോനായി കള്ളപ്പത്രമിറക്കുന്നു



സി.പി.മോനായി



എം.എസ്.സാമുവൽ



ജോ കുര്യൻ

സി.പി.മോനായി കള്ളപ്പത്രമിറക്കുന്നു. അഞ്ചുലക്ഷത്തിലധികം വായനക്കാരുണ്ടെന്ന് മോനായി കള്ളപ്രചരണം നടത്തുന്ന സുഭാഷിതം കള്ളപ്പത്രമാണെന്ന് തെളിഞ്ഞിരിക്കുന്നു. നിയമാനുസൃതം വേണ്ട രജിസ്ട്രേഷൻ കൂടാതെയാണ് മോനായി, എം.എസ്. സാമുവൽ, ജോ കുര്യൻ എന്നിവർ ചേർന്ന് സുഭാഷിതം പ്രസിദ്ധീകരിക്കുന്നത്.

സുഭാഷിതം വാർത്താപത്രിക എന്ന പേരിലാണ് മോനായി പത്രം ഇറക്കുന്നത്. പക്ഷേ അങ്ങനെയൊരു പത്രം ഇപ്പോൾ ഇന്ത്യയിൽ നിലവിലില്ല. സംശയമുള്ളവർ രജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പറിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.rni.nic.in നോക്കുക. അവിടെ ടൈറ്റിൽ സേർച്ച് എന്ന ഭാഗത്ത് Subhashitham എന്ന് അടിച്ചുനോക്കിയാൽ സുഭാഷിതം എന്നോ സുഭാഷിതം വാർത്താപത്രിക എന്നോ കാണാനാവില്ല. ഈ പേരുള്ള പത്രങ്ങൾ നിലവിലില്ല എന്ന മറുപടിയാകും കിട്ടുക. എന്താണു സംഭവിച്ചത്? പറയാം. മൂന്നുകൊല്ലം മുൻപ് മോനായി സുഭാഷിതം വാർത്താപത്രിക എന്ന പേരിന് അപേക്ഷിക്കയും ആ പേര് ലഭിക്കയും ചെയ്തു. പക്ഷേ രണ്ടു വർഷത്തിനകം പത്രമിറക്കുകയും ആ പത്രത്തിന്റെ കോപ്പി സഹിതം രജിസ്റ്റർ ചെയ്യുകയും വേണ്ടിയിരുന്നു. എന്നാൽ മോനായിക്കോ പത്രപ്രവർത്തനത്തിൽ ഡിപ്ലോമ ഉണ്ടെന്നു പറയുന്ന ഭാര്യക്കോ ഈ നിയമം അറിഞ്ഞുകൂടാ. അതുകൊണ്ട് രണ്ടു വർഷം കഴിഞ്ഞപ്പോൾ പത്രത്തിന്റെ പേര് ക്യാൻസലായി. ഇപ്പോൾ മോനായി പത്രമിറക്കുന്നത് നിയമവിരുദ്ധമായാണ്.

പ്രസ് & രജിസ്ട്രേഷൻ ഓഫ് ബുക്സ് ആക്ട് അനുസരിച്ചാണ് ഇന്ത്യയിൽ പത്രങ്ങൾ പ്രസിദ്ധീകരിക്കേണ്ടത്. ഈ നിയമത്തിനു വിരുദ്ധമായി പത്രം പ്രസിദ്ധീകരിച്ചാൽ ശിക്ഷ ലഭിക്കും. റീമ സ്ക്കൂൾ ഓഫ് ജേർണലിസം എന്ന പേരിൽ പത്രപ്രവർത്തനം പഠിപ്പിക്കുന്ന മോനായിയും ഭാര്യയും പത്രപ്രവർത്തനത്തിന്റെ ആദ്യാക്ഷരങ്ങൾ തന്നെ തെറ്റിച്ചിരിക്കയാണ്. ഇവർ പഠിപ്പിക്കുന്ന വിദ്യാർത്ഥികളുടെ സ്ഥിതി പരമ ദയനീയമായിരിക്കും എന്നതിനു സംശയമില്ല.

നിയമവിരുദ്ധ പ്രവർത്തനം നടത്താൻ മോനായിക്ക് എല്ലാവിധ സഹായവും ചെയ്യുന്നത് രണ്ടു വിദേശ ഇന്ത്യാക്കാരാണെന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. ഇംഗ്ലണ്ടിലുള്ള ജോ കുര്യൻ മോനായിയുടെ പത്രത്തിന്റെ അസോഷ്യേറ്റ് എഡിറ്ററാണ്. അതുപോലെ അമേരിക്കൻ മലയാളിയായ എം.എസ്.സാമുവൽ സുഭാഷിതത്തിന്റെ മാനേജിംഗ് എഡിറ്ററുമാണ്. പത്രം നടത്തുന്നവർ വിദേശത്തുനിന്നു സംഭാവന വാങ്ങരുതെന്ന ചട്ടം ലംഘിക്കുന്ന മോനായിയും ഇയാൾക്കു പണം കൊടുക്കുന്ന മേല്പടി യോഗ്യൻമാരും ഒന്നുപോലെ ശിക്ഷാർഹരാണ്. ഏതായാലും പ്രശ്നം ഡിഫെൻഡർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.


## B.Sc. / Gen. Nursing
## കുറഞ്ഞ ചെലവിൽ പഠിക്കാം

കുറഞ്ഞ ചെലവിൽ ആന്ധ്രയിൽ നഴ്സിംഗ് പഠിക്കാം.
ഐ.എൻ.സി. അംഗീകാരമുള്ള പ്രശസ്തമായ സ്ഥാപനം.
ബാങ്ക് ലോണിനുള്ള പേപ്പറുകൾ നൽകുന്നതാണ്.
നിരവധി മലയാളി കുട്ടികൾ പഠിക്കുന്നു.
തികച്ചും സുരക്ഷിതമായ അന്തരീക്ഷം.

**കൂടുതൽ വിവരങ്ങൾക്ക്:** 04868-288260

(പ്രത്യേക ശ്രദ്ധക്ക്: അഡ്മിഷൻ ലഭിക്കാൻ സഹായം ചെയ്യുന്നതിന് ഒരുവിധത്തിലുള്ള ഫീസും ഈടാക്കുന്നതല്ല. ഇത് തികച്ചും സൗജന്യമായ സേവനമാണ്).

ദി ഡിഫെൻഡർ
Vol. No.11 Issue No. 13 2008 July 1

# പെന്തക്കോസ്ത് നേതാക്കൻമാർ നിയമത്തിനതീതരോ?

പെന്തക്കോസ്ത് പ്രസംഗകരും മറ്റു നേതാക്കൻമാരും നിയമത്തിനതീതരാണോ? ഇങ്ങനെയൊരു ധാരണ പെന്തക്കോസ്തുകാരിൽ നല്ലൊരു പങ്കിന് ഉണ്ടെന്നു തോന്നിപ്പോകുന്ന സംഭവവികാസങ്ങളാണ് ഈയിടെ നടന്നത്.

സന്തോഷ് മാധവൻ എന്ന വ്യാജസന്യാസിക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചപ്പോൾ സകല പെന്തക്കോസ്തുകാരും കൈകൊട്ടിച്ചിരിച്ചു. തോക്കുസ്വാമിക്കെതിരെ നടപടി ഉണ്ടായപ്പോഴും പെന്തക്കോസ്തുകാർ സന്തോഷിച്ചു. പക്ഷേ തങ്കുവിന്റെ നടപടികളേക്കുറിച്ച് അന്വേഷണമാരംഭിച്ചപ്പോൾ കുറെ പെന്തക്കോസ്തുകാർ ക്ഷുഭിതരായി? ഇതാ സർക്കാർ മതപീഡ നടത്തുന്നേ എന്നു പറഞ്ഞ് മുറവിളികൂട്ടി. ഇതെന്തു ന്യായം? പരാതി കിട്ടിയാൽ അന്വേഷിക്കേണ്ട എന്നാണോ? അതോ, പെന്തക്കോസ്ത് പ്രസംഗകർ എന്നത് ആരും തൊടാൻ പാടില്ലാത്ത വിശുദ്ധ പശുക്കളാണോ?

സന്തോഷ് മാധവനേക്കാളും തോക്കുസ്വാമിയേക്കാളും വലിയ കള്ളൻമാർ പെന്തക്കോസ്തിലുണ്ട്. റ്റി.എസ്.ഏബ്രഹാം, കെ.സി.ജോൺ, ടി.ജി.കോശി, ടി.പി.ഏബ്രഹാം, ടി.ജെ. ശാമുവൽ, ബാബു ജോർജ്, സാമച്ചൻ, കെ.എ.ഏബ്രഹാം, സുരേഷ് ബാബു, ടിനു ജോർജ്, എം.എ.വർഗീസ്, ബഥേൽ പി. ജേക്കബ് തുടങ്ങി നിരവധി കള്ളൻമാർ പെന്തക്കോസ്തിൽ വിലസുന്നുണ്ട്. ഇവരെല്ലാംകൂടി കുറഞ്ഞപക്ഷം ആയിരം കോടി രൂപയുടെ വെട്ടിപ്പെങ്കിലും നടത്തിയിട്ടുമുണ്ട്. ഇവർക്കൊക്കെ എതിരെ സർക്കാർ അന്വേഷണം നടത്തണം.

പെന്തക്കോസ്തിലെ പ്രധാന കള്ളൻമാരെല്ലാം ജൂൺ 10ന് തിരുവല്ല ശാരോൻ ഹാളിൽ ഒത്തുകൂടി 12 മണിക്കൂർ പ്രാർത്ഥിച്ചു. തങ്ങൾ തട്ടിച്ചും വെട്ടിച്ചും സർക്കാരിനെ കബളിപ്പിച്ചും ഉണ്ടാക്കിയ പണം നഷ്ടപ്പെടാതിരിക്കാനായിരുന്നു പ്രാർത്ഥന. ഇടതുപക്ഷ സർക്കാർ അധികാരത്തിൽ തുടർന്നാൽ തങ്ങളുടെ നിലനിൽപ്പ് അവതാളത്തിലാകും എന്ന് ഇവർക്കറിയാം. അതുകൊണ്ട് സർക്കാരിനെ മറിച്ചിടാനുള്ള പദ്ധതിക്ക് ഇവർ രൂപം കൊടുക്കുകയും ചെയ്തു. ഡിസംബർ 22ന് 10 ലക്ഷം പെന്തക്കോസ്തുകാരെ സംഘടിപ്പിച്ച് റാലി നടത്താനാണ് പരിപാടി. അതിനായി തങ്കു 15 ലക്ഷം രൂപ സംഭാവന കൊടുത്തിട്ടുണ്ട്. കൂടുതൽ പണം പിരിക്കാൻ കെ.സി.ജോൺ അമേരിക്കയിലേക്കു പോയിക്കഴിഞ്ഞു. പക്ഷേ സർക്കാർ ഇതൊന്നും അറിഞ്ഞ മട്ടില്ല. ഈ കള്ളൻമാർക്കെതിരെ നടപടിയെടുത്തില്ലെങ്കിൽ പിന്നീടു ദു:ഖിക്കേണ്ടിവരും.

# സത്യം സത്യമായി

എപ്പോഴെല്ലാം ഭൂമിയിൽ അധർമ്മം പെരുകുന്നുവോ, അപ്പോഴെല്ലാം മഹാവിഷ്ണു അവതാരമെടുക്കും എന്നാണ് ഗീതയിൽ പറയുന്നത്. അതുപോലെയാണ് കത്തോലിക്കാ സഭയുടെ കാര്യം. എപ്പോഴെല്ലാം ഇടതുപക്ഷ സർക്കാർ അധികാരത്തിലെത്തുമോ അപ്പോഴെല്ലാം കത്തോലിക്കാ മെത്രാൻമാർ ഇടയലേഖനവുമായി രംഗത്തെത്തും. 1957ൽ ആദ്യ കമ്യൂണിസ്റ്റ് സർക്കാർ അധികാരത്തിലെത്തിയ കാലം മുതൽ തുടങ്ങിയതാണ് ഈ കലാപരിപാടി. ഇന്നും അതു തുടരുന്നു. ഇത്തവണ ചില പെന്തക്കോസ്തുകാരുടെ സഹകരണവും ഇതിനു ലഭിച്ചു എന്നു മാത്രം. മെത്രാൻമാരുടെ ഇടയലേഖനം വായിച്ച് ആവേശമുൾക്കൊണ്ട് കുഞ്ഞാടുകൾ എന്തിനെന്നറിയാതെ ബഹളമുണ്ടാക്കുകയും ചെയ്യുന്നു.

ഇടതുപക്ഷ സർക്കാർ എന്തു ചെയ്താലും മെത്രാൻമാർ എതിർക്കും. അര നൂറ്റാണ്ടു മുൻപ് വിദ്യാഭ്യാസ ബിൽ കൊണ്ടുവന്ന കാലം മുതൽ തുടങ്ങിയതാണ് ഈ എതിർപ്പ്. ഇടതുപക്ഷ സർക്കാർ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കുന്നത്രേ. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ഭരണഘടനയിൽ ഉറപ്പാക്കിയിട്ടുള്ളതാണ്. ഇത് ഒരു സർക്കാരിനും കവർന്നെടുക്കാൻ പറ്റില്ല. അഥവാ, കവർന്നെടുത്താൽ ഇടയലേഖനമിറക്കി കോലാഹലമുണ്ടാക്കുകയല്ല മറിച്ച് കോടതിയെ സമീപിക്കയാണ് ശരിയായ മാർഗ്ഗം. പക്ഷേ മെത്രാൻമാർക്ക് അതിനു കഴിയുന്നില്ല. എന്തുകൊണ്ട്? ന്യൂനപക്ഷാവകാശം എന്ന് ഇവർ പറയുന്നതൊന്നും യഥാർത്ഥ ന്യൂനപക്ഷാവകാശമല്ല. മതത്തിന്റെ പേരിൽ എന്തു തോന്ന്യാസവും കാട്ടിക്കൂട്ടാനുള്ള അവകാശമാണത്. അത്തരത്തിലുള്ള അവകാശങ്ങൾ നഷ്ടപ്പെട്ടെന്നു പറഞ്ഞ് കോടതിയെ സമീപിച്ചതുകൊണ്ടു പ്രയോജനമില്ല. അതുകൊണ്ട് ഇടയലേഖനമിറക്കി കോലാഹലമുണ്ടാക്കുക മാത്രമാണ് പോംവഴി.

പുതിയ പാഠപുസ്തകം നിരീശ്വരവാദം പ്രചരിപ്പിക്കുന്നത്രേ. ഈശ്വരവിശ്വാസം പ്രചരിപ്പിക്കാൻ സ്വാതന്ത്ര്യമുള്ളതുപോലെതന്നെ ഇന്ത്യൻ പൗരന് നിരീശ്വരവാദം പ്രചരിപ്പിക്കാനും സ്വാതന്ത്ര്യമുണ്ട്. പക്ഷേ രാഷ്ട്രത്തിന് മതമില്ല. എല്ലാ മതങ്ങളേയും രാഷ്ട്രം ഒന്നുപോലെ കാണുന്നു. കൃത്യമായി പറഞ്ഞാൽ മതവിശ്വാസവും നിരീശ്വരവാദവും രാഷ്ട്രത്തിന് ഒന്നുപോലെയാണ്. മതത്തിന് അനുകൂലമായി പാഠപുസ്തകത്തിൽ എഴുതുന്നതു ശരി, എതിരായി എഴുതുന്നതു തെറ്റ് എന്നാണു വാദമെങ്കിൽ രണ്ടും തെറ്റാണെന്നു പറയാതെവയ്യ. ഓരോ വ്യക്തിയും പ്രായപൂർത്തിയായശേഷം തനിക്ക് ഇഷ്ടമുള്ള മതം തെരഞ്ഞെടുക്കുകയാണ് ശരിയായ രീതി. മിശ്രവിവാഹിതരുടെ മക്കളുടെ കാര്യത്തിൽ ഈ നിലപാടു മാത്രമാണ് ശരി. പക്ഷേ ഇങ്ങനെ പറയുന്നത് എന്തോ കൊടിയ പാപമാണെന്ന മട്ടിലാണ് ചിലരുടെ പ്രചരണം. ഇതിന്റെ പേരിൽ കേരളത്തിലെങ്ങും കോലാഹലം നടക്കുകയാണ്. ഏതായാലും ചർച്ച് കൗൺസിൽ ഈ വിഷയത്തിൽ നല്ല ഒരു തീരുമാനം എടുത്തു.

എന്തിലും ഏതിലും ഇടപെട്ട് കോലാഹലമുണ്ടാക്കുന്ന പെന്തക്കോസ്തു പത്രങ്ങൾ ഈ പ്രശ്നത്തിൽ ഇടപെട്ടുകണ്ടില്ല. സംഗതി എന്താണെന്ന് ഈ ചങ്ങാതിമാർക്കു പിടികിട്ടിയില്ലെന്നു തോന്നുന്നു. പെന്തക്കോസ്ത് പീഡയെന്നും മറ്റും പറഞ്ഞ് മുറവിളി കൂട്ടുന്നതിനിടയിൽ ഈ പ്രശ്നത്തിൽ ഇടപെടാൻ സമയം കിട്ടാതെ പോയതാകാനും ഇടയുണ്ട്. കാര്യം എന്തുതന്നെ ആയാലും സകലമാന പെന്തക്കോസ്തു പത്രങ്ങളും സാമൂഹ്യപാഠ പ്രശ്നത്തിൽ ഇടപെടണം. പരമാവധി ഉച്ചത്തിൽ കോലാഹലമുണ്ടാക്കണം. പെന്തക്കോസ്തുകാർ എന്നൊരു കൂട്ടർ ഈ ഭൂമിമലയാളത്തിലുണ്ടെന്ന് സർക്കാർ അറിയട്ടെ.

ഈയിടെയായി പെന്തക്കോസ്തിലെ കള്ളൻമാർക്ക് കഷ്ടകാലമാണ്. പല പ്രമുഖ പത്രങ്ങളിലും പെന്തക്കോസ്തിലെ കള്ളൻമാർക്കെതിരെ വാർത്ത വരുന്നു. മംഗളം, കേരളകൗമുദി, ജൻമഭൂമി, കേരളശബ്ദം തുടങ്ങിയ പത്രമാസികകളിൽ പെന്തക്കോസ്തുകാർ നിരന്തരം പരാമർശവിധേയരാകുന്നു. നാണം എന്ന വാക്കിന്റെ അർത്ഥം പെന്തക്കോസ്ത് നേതാക്കൻമാർക്ക് അറിഞ്ഞുകൂടാത്തത് എന്തുകൊണ്ടും നന്നായി.

ട്രസ്റ്റുകളുടേയും സൊസൈറ്റികളുടേയും പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ പുതിയ നിയമം വരുന്നത്രേ. ഇതു കേട്ടതുമുതൽ ഭൂരിപക്ഷം പെന്തക്കോസ്ത് നേതാക്കൻമാരുടേയും നെഞ്ചിടിപ്പ് കൂടിയിരിക്കയാണ്. വല്ല ട്രസ്റ്റോ സൊസൈറ്റിയോ ഉണ്ടാക്കി തികച്ചും സമാധാനപരമായി തട്ടിപ്പുനടത്താമെന്നു വച്ചാൽ ഈ സർക്കാർ അതിനും സമ്മതിക്കില്ല. സർക്കാർ ഇങ്ങനെ നിർദ്ദയം മതപീഡ നടത്താൻ തുടങ്ങിയാൽ പെന്തക്കോസ്തിലെ കള്ളൻമാരുടെ ഗതിയെന്താകും?

കേരളസർക്കാർ എന്തു നിയമം ഉണ്ടാക്കിയാലും രക്ഷപ്പെടാനുള്ള പഴുത് ഡിഫെൻഡർ പറഞ്ഞുതരാം. കേരളത്തിനു വെളിയിൽ സംഘടന രജിസ്റ്റർ ചെയ്യുക. അവിടെ പേരിന് ഒരു ഓഫീസും ഉണ്ടാക്കുക. പ്രവർത്തനം കേളത്തിലും ആകാമല്ലോ.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

അന്ന് ആരാനും നിങ്ങളോട്: ഇതാ, ക്രിസ്തു ഇവിടെ , അല്ല അവിടെ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. കള്ളക്രിസ്തുക്കളും കള്ള പ്രവാചകൻമാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതൻമാരെയും തെറ്റിക്കുവാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും; ഓർത്തുകൊള്ളുവിൻ; ഞാൻ മുമ്പുകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു. ആകയാൽ നിങ്ങളോട്: അതാ, അവൻ മരുഭൂമിയിൽ എന്നു പറഞ്ഞാൽ പുറപ്പെടരുത്; ഇതാ, അറകളിൽ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. (മത്തായി 24: 23-26)

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ
**വിലാസം:**
**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**
(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9447414608**

# ടി. ജെ. ശാമുവലിനെ ഘെരാവോ ചെയ്തു



അഹങ്കാരത്തിന്റെ ആൾ രൂപമായ ടി.ജെ.ശാമുവൽ ഒടുവിൽ മുക്കുകൊണ്ട് ക്ഷ എഴുതി. അസംബ്ലീസ് ഓഫ് ഗോഡിന്റെ പുനലൂർ ടൗൺ ചർച്ചിലെ വിശ്വാസികളാണ് ടി.ജെ.ശാമുവലിനെ പാഠം പഠിപ്പിച്ചത്.

ടൗൺ ചർച്ചിന്റെ ശുശ്രൂഷകനും ആ പ്രദേശത്തെ പ്രസ്ബിറ്ററുമായ പാസ്റ്റർക്ക് ടി.ജെ. ശാമുവലുമായി അല്പം പിണക്കമുണ്ട്. എതിർക്കുന്നവരെ പരമാവധി ദ്രോഹിക്കയും കൂടെനിൽക്കുന്നവരെ വഴിവിട്ടു സഹായിക്കയും ചെയ്യുന്നതിൽ കുപ്രസിദ്ധനാണ് ടി.ജെ.ശാമുവൽ. ടൗൺ ചർച്ചിലെ പാസ്റ്ററെ എങ്ങനെയെങ്കിലും ഒതുക്കാൻ തക്കം പാർത്തിരുന്ന ടി.ജെ.ശാമുവലിന് തികച്ചും അപ്രതീക്ഷിതമായി അതിനുള്ള അവസരം ഒത്തുവന്നു.

കൈയ്യിലിരുപ്പ് അത്ര ശരിയല്ലാത്ത രണ്ടു വിശ്വാസികൾ ടൗൺ ചർച്ചിലുണ്ട്. അവർക്കും പാസ്റ്ററെ ഒതുക്കണമെന്ന മോഹമുണ്ടായിരുന്നു. അവർ പാസ്റ്റർക്കെതിരെ ഒരു ആരോപണം ഉന്നയിച്ചു. പ്രഥമദൃഷ്ട്യാ കേസ്സെടുക്കാനുള്ള തെളിവുകൾ പോലും ലഭ്യമല്ലാതിരുന്നിട്ടും ടി.ജെ.ശാമുവൽ ടൗൺ പാസ്റ്ററെ സസ്പെന്റ് ചെയ്തു. തുടർന്ന് അന്വേഷണം നടന്നു. പക്ഷേ പാസ്റ്റർക്കെതിരെ ഒരു തെളിവും ലഭിച്ചില്ല. എങ്കിലും ടി.ജെ.ശാമുവലിന് പാസ്റ്ററെ പുറത്താക്കിയേ മതിയാകൂ. അതിനുള്ള തന്ത്രങ്ങൾ ഈ നീചൻ മെനഞ്ഞു. അങ്ങനെയിരിക്കുമ്പോഴാണ് തൊടുപുഴയും എറണാകുളത്തും നടന്ന ഓരോ സംഭവങ്ങൾ ഡിഫെൻഡർ റിപ്പോർട്ട് ചെയ്തത്. തൊടുപുഴയിൽ എൻ.ജി.രാജു എന്ന കള്ളനെതിരെ വ്യഭിചാര ക്കേസ്സ് തെളിഞ്ഞിട്ടും ഒരു നടപടിയും ഉണ്ടായില്ല. കൗൺസിൽ അംഗമായ എ.ഷാജിയുടെ മരുമകൻ ആനി എന്ന സ്ത്രീയുമായി നടത്തിയ കാമകേളികൾക്ക് തെളിവുകിട്ടിയിട്ടും അയാളെ പാലായിലേക്കു സ്ഥലം മാറ്റുക മാത്രമാണു ചെയ്തത്. (മോനായി പണ്ട് സ്വന്തം വെപ്പാട്ടിയായി വച്ചിരുന്നത് ഇതേ ആനിയെയാണ്). കുറ്റം തെളിഞ്ഞിട്ടും ഈ രണ്ടു പാസ്റ്റർമാർക്കെതിരെ നടപടിയെടുക്കാത്ത ടി.ജെ.ശാമുവൽ ടൗൺ ചർച്ചിലെ പാസ്റ്റർക്കെതിരെ ആരോപണമുണ്ടായപ്പോൾ ഒരന്വേഷണവും കൂടാതെ നടപടിയെടുത്തു. ഡിഫെൻഡറിലൂടെ ഈ വിവരങ്ങൾ അറിഞ്ഞ ടൗൺ ചർച്ചിലെ വിശ്വാസികൾക്ക് ടി.ജെ. ശാമുവലിന്റെ കള്ളക്കളി മനസ്സിലായി. അവർ ശക്തിയായി പ്രതികരിക്കാൻ തീരുമാനിച്ചു.

ജൂൺ 26ന് പുനലൂരിൽ എ.ജി പ്രസ്ബിറ്ററിയുടെ മീറ്റിംഗ് ഉണ്ടായിരുന്നു. പിറ്റേന്ന് അമേരിക്കയിലേക്കു പറക്കാൻ ടി.ജെ. ശാമുവൽ പദ്ധതിയിടുകയും ചെയ്തു. പോകുന്നതിനു മുൻപായി ടൗൺ പാസ്റ്റർക്കെതിരെ നടപടി എടുത്തിട്ടു പോയാൽ ആറുമാസം കഴിഞ്ഞ് മടങ്ങി വരുന്നതുവരെ പാസ്റ്റർ പുറത്തുനിൽക്കേണ്ടതായിവരും. ഇതായിരുന്നു പദ്ധതി.

ടി.ജെയുടെ തന്ത്രം ടൗൺ ചർച്ചിലെ വിശ്വാസികൾ മനസ്സിലാക്കി. അവർ അവസരത്തിനൊത്ത് ഉയർന്നു. പ്രസ്ബിറ്ററി തുടങ്ങിയ ഉടൻ സഭാംഗങ്ങൾ എത്തി ടി.ജെ.ശാമുവലിനെ ഘെരാവോ ചെയ്തു. പോലീസ് എത്തിയെങ്കിലും ഘെരാവോ തുടർന്നു. മണിക്കൂറുകൾ കഴിഞ്ഞ് ടി.ജെ കീഴടങ്ങി. ടൗൺ പാസ്റ്റർക്കെതിരെ ഒരു നടപടിയും എടുക്കില്ല എന്ന് എഴുതിക്കൊടുത്തു.




# തങ്കുവിനെ വേണ്ടെന്ന് ഐ. പി. സി.

തങ്കുവിനെ ഐ.പി.സിയിൽ വേണ്ടെന്ന് ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ തീരുമാനിച്ചു. അങ്ങനെ തങ്കുവിന് ഐ.പി.സിയിൽ അഫിലിയേഷൻ കൊടുക്കാനുള്ള കെ.സി.ജോണിന്റെ തന്ത്രം പാളി.

തങ്കുവിന്റെ കയ്യിൽ ആവശ്യത്തിലധികം പണമുണ്ട്. കെ.സി.ജോണിന് റാലി നടത്താനും ചാനൽ നിലനിർത്താനും മറ്റും പണം കൂടിയേ കഴിയൂ. തങ്കു പണം കൊടുക്കാൻ തയ്യാർ. 15 ലക്ഷം കൊടുക്കുകയും ചെയ്തു. തങ്കുവിനു വേണ്ടത് ഐ.പി.സിയുടെ പിൻതുണയാണ്. പക്ഷേ അതിനായി ഐ.പി.സിയിൽ ചേരാൻ തയ്യാറുമല്ല. പരിഹാരമെന്ന നിലയിലാണ് അഫിലിയേഷൻ എന്ന വിദ്യ കെ.സി.ജോൺ ഉപദേശിച്ചത്. തങ്കു സമ്മതിക്കയും ചെയ്തു. അങ്ങനെ കാര്യങ്ങളൊക്കെ നല്ലനിലയിൽ പുരോഗമിക്കുമ്പോഴാണ് അഫിലിയേഷൻ പദ്ധതി അങ്ങാടിപ്പാട്ടായത്.

കെ.സി.ജോൺ എന്തു ചെയ്താലും എതിർക്കുക എന്നതാണല്ലോ ടി.എസ് പക്ഷത്തിന്റെ പ്രഖ്യാപിത പരിപാടി. ഈ കാര്യത്തിലും അതുതന്നെ സംഭവിച്ചു. തങ്കുവിന് ഐ.പി.സിയിൽ അഫിലിയേഷൻ കൊടുക്കാൻ പാടില്ല എന്ന് കേരള സ്റ്റേറ്റ് കൗൺസിൽ ഔദ്യോഗികമായി തീരുമാനിക്കുകയും ഈ തീരുമാനം ജനറൽ കൗൺസിലിനെ അറിയിക്കയും ചെയ്തു. അതോടെ തങ്കുവിന്റെ ഐ.പി.സി സ്വപ്നം പൊലിഞ്ഞു.

## പൂവക്കാല ഉരുണ്ടുകളിക്കുന്നു

മുടന്തൊഴികെ എല്ലാ രോഗങ്ങളും സൗഖ്യമാക്കുന്ന രാജു പൂവക്കാല ന്യൂ ജനറേഷൻ പ്രശ്നത്തിൽ ഉരുണ്ടുകളിക്കുന്നു. കടുത്ത കെ.സി ഭക്തനായ പൂവക്കാല ആ ഭക്തിയുടെ ശക്തി കൊണ്ട് തിരുവല്ല സെന്ററിലെ സഹായമെത്രാൻ വരെ ആയിരിക്കയാണ്. അതിനിടയിലാണ് ന്യൂ ജനറേഷൻ പ്രശ്നം എത്തിയത്.

തങ്കു ഉൾപ്പെടെ, കാശുള്ള ഏതു കള്ളനും കഞ്ഞിവയ്ക്കുന്ന കെ.സി.ജോൺ റെയ്ഡ് പ്രശ്നത്തിൽ തങ്കുവിന്റെ സഹായത്തിനെത്തി. റാലിക്കുവേണ്ടി 15 ലക്ഷം രൂപയും റാലിയിൽ പങ്കെടുക്കാൻ അൻപതിനായിരം ആളുകളേയും തങ്കു വാഗ്ദാനം ചെയ്തു. അങ്ങനെ കെ.സി.ജോൺ തങ്കുവിന്റെ പ്രധാന രക്ഷകനായി. രാജു പൂവക്കാല, കെ.എ.ഏബ്രഹാം തുടങ്ങിയവർ സഹരക്ഷകരുമായി. അങ്ങനെ കാര്യങ്ങൾ പുരോഗമിക്കുമ്പോഴാണ് ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ ന്യൂ ജനറേഷൻ സഭകൾക്കെതിരെ തിരിഞ്ഞത്. സ്റ്റേറ്റ് കൗൺസിലിനെ എതിർത്താൽ കാര്യങ്ങൾ കുഴയും. കെ.സി.ജോണിനേയും തങ്കുവിനേയും കൈവിടാനും പറ്റില്ല. അതുകൊണ്ട് പൂവക്കാല ഒരു വിദ്യ പ്രയോഗിച്ചു. സ്റ്റേറ്റ് കൗൺസിലിന്റെ നിലപാടിനോട് പൂർണ്ണമായി യോജിക്കുന്നെന്നും തങ്കുവിന്റെ ഗ്രൂപ്പ് ദൈവീകമാണെന്നും പൂവക്കാല പ്രഖ്യാപിച്ചു. (www.thoolikaonline.com) ചുരുക്കത്തിൽ അത്ര പൂവനുമല്ല, അത്ര പിടയുമല്ല. (ഭേഷ്).

# കള്ളം പറഞ്ഞത് അച്ചൻകുഞ്ഞുതന്നെ



ഗ്ലാഡീസ് പ്രശ്നത്തിൽ കള്ളം പറഞ്ഞത് ശ്രീമാൻ അച്ചൻകുഞ്ഞ് ഇലന്തൂർ ആണെന്നു വ്യക്തമായി. നുണ പറയുന്നതാര് എന്ന തലക്കെട്ടിൽ ജൂൺ ആദ്യലക്കം ഡിഫെൻഡറിൽ ഉന്നയിച്ച പ്രശ്നത്തിന് വാചാലമായ മൗനത്തിലൂടെ ഉത്തരം തന്ന അച്ചൻകുഞ്ഞ് വാക്കും ഭാഷണവും കൂടാതെ കുറ്റസമ്മതം നടത്തി.

ഈ പ്രശ്നത്തിന് ആധാരമായ വാർത്ത ഇതാണ്:

''യു.എ.ഇ റൈറ്റേഴ്സ് ഫോറത്തിന്റെ നേതൃത്വത്തിൽ ഗ്ലാഡിസ് സ്റ്റെയിൻസിനെ ആദരിച്ചതായി അറിഞ്ഞിരുന്നു. ഈ സംഭവം നടന്നതിനുശേഷം പുറത്തുവന്ന ആദ്യപത്രം മരുപ്പച്ചയാണ്. റൈറ്റേഴ്സ് ഫോറമാണ് ഈ പരിപാടി സംഘടിപ്പിച്ചതെന്നാണ് മരുപ്പച്ചയിൽ കണ്ടത്. ഏതാനും ദിവസം കഴിഞ്ഞ് ഇറങ്ങിയ സങ്കീർത്തനം പറഞ്ഞത് റൈറ്റേഴ്സ് ഫോറവും സങ്കീർത്തനവും ചേർന്നാണ് ഈ പരിപാടി സംഘടിപ്പിച്ചതെന്നാണ്. ഇതിൽ ഏതാണു ശരി? രണ്ടും ശരിയാകാൻ പറ്റില്ലല്ലോ. ആരോ ഒരാൾ നുണപറയുന്നു എന്നു തീർച്ച. അതാരാണ്? മരുപ്പച്ചയും സങ്കീർത്തനവും റൈറ്റേഴ്സ് ഫോറവും മറുപടി പറയണം. സത്യം അറിയാനുള്ള അവകാശം പൊതുജനങ്ങൾക്കുണ്ട്.''

ഗൾഫിലുള്ള റൈറ്റേഴ്സ് ഫോറം ഭാരവാഹികൾ ഈ വാർത്ത കണ്ടോ എന്നറിഞ്ഞുകൂടാ. എന്നാൽ സങ്കീർത്തനം പറഞ്ഞത് തികച്ചും ശരിയാണെന്നു തെളിയിച്ചുകൊണ്ട് അവർ മറുപടി തന്നു. ആവശ്യമായ രേഖകൾ ഹാജരാക്കുകയും ചെയ്തു. സങ്കീർത്തനം തന്ന മറുപടി കഴിഞ്ഞലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചിരുന്നല്ലോ.

ഇത്രയുമൊക്കെയായിട്ടും അച്ചൻകുഞ്ഞ് മറുപടി പറഞ്ഞില്ല. അതോടെ ഒരു കാര്യം വ്യക്തമായി. കള്ളം പറഞ്ഞത് മരുപ്പച്ചയാണ്, അതിന്റെ എഡിറ്ററായ അച്ചൻകുഞ്ഞാണ്. (ഏതായാലും മഹാമോശമായിപ്പോയി.)

# 'മരിച്ചവർ എവിടെ' അച്ചടി ആരംഭിച്ചു

മരിച്ചവർ എവിടെ എന്ന പുസ്തകത്തിന്റെ അച്ചടി ആരംഭിച്ചു എന്ന് അറിയിക്കുന്നതിൽ സന്തോഷമുണ്ട്. രണ്ടാഴ്ചകൊണ്ട് അച്ചടി പൂർത്തിയാകും. പുസ്തകം ബൈന്റ് ചെയ്യാൻ പത്തു ദിവസംകൂടി വേണ്ടിവരും. പ്രതീക്ഷിക്കുന്നത്ര വേഗത്തിൽ ജോലി തീർന്നാൽ ഈ മാസം അവസാനത്തോടെ പുസ്തകം വിതരണത്തിനു തയ്യാറാകും.

ഈ പുസ്തകം പുന:പ്രസിദ്ധീകരിക്കുന്ന വിവരം പ്രഖ്യാപിച്ചതു മുതൽ നല്ല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് സന്തോഷത്തോടെ അറിയിക്കട്ടെ. നിരവധി ആളുകൾ പുസ്തകം ബുക്ക് ചെയ്തുകഴിഞ്ഞു. ചിലർ മുൻകൂട്ടി പണം അയയ്ക്കയും ചെയ്തു. മലയാളത്തിൽ പുസ്തകം പ്രസിദ്ധീകരിച്ചശേഷം ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്, കർണ്ണാടകം എന്നീ ഭാഷകളിൽക്കൂടി ഈ പുസ്തകം പ്രസിദ്ധീകരിക്കണം. അതിന് ഏവരുടേയും സഹായ സഹകരണങ്ങൾ ആവശ്യമാണ്. കഴിയുന്ന സംഭാവനകൾ അയച്ചുതന്ന് ഈ സംരംഭത്തെ സഹായിക്കുക. വിലാസം രണ്ടാം പേജിൽ.



# ന്യൂ ജനറേഷൻ സഭകളും ഐ.പി.സിയും

ന്യൂ ജനറേഷൻ സഭകളുമായി സഹകരിക്കുന്നതല്ലെന്ന് ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ ഔദ്യോഗികമായി തീരുമാനിച്ചു എന്നറിയുന്നതിൽ സന്തോഷം. ഇതര പെന്തക്കോസ്ത് സഭകൾകൂടി ഈ നിലപാടെടുത്താൽ കാര്യം നന്നായിരുന്നു. പക്ഷേ അതിനുള്ള സാദ്ധ്യത കുറവാണ്.

എല്ലാം ശരി എന്ന നിലപാടു സ്വീകരിക്കുവാൻ പെന്തക്കോസ്ത് സഭകൾക്കു കഴിയുന്നതല്ല. എല്ലാം ശരിയാണെങ്കിൽ പെന്തക്കോസ്ത് സഭകൾ ഉണ്ടാകേണ്ട കാര്യവുമില്ല. ബൈബിൾ മാത്രം അടിസ്ഥാന വിശ്വാസപ്രമാണമായി സ്വീകരിക്കുന്നവരാണ് പെന്തക്കോസ്തുകാർ. അതുകൊണ്ട് ബൈബിളിലെ ഉപദേശസത്യങ്ങളുമായി പൊരുത്തപ്പെടാത്ത വിശ്വാസാചാരങ്ങളുമായി സഹകരിക്കാനാവില്ല.

കത്തോലിക്കാ-ഓർത്തഡോക്സ് സഭകളുടെ വിശ്വാസപ്രമാണം സ്വീകാര്യമായി തോന്നാത്തതുകൊണ്ടാണ് പ്രൊട്ടസ്റ്റന്റ് സഭകൾ ഉണ്ടായത്. ശിശുസ്നാനം വചനവിരുദ്ധമായതുകൊണ്ടാണ് വിശ്വാസസ്നാനം അംഗീകരിക്കേണ്ടിവന്നത്. പരിശുദ്ധാത്മസ്നാനം എന്നത് വചനാനുസൃതമായതുകൊണ്ടാണ് പെന്തക്കോസ്ത് സഭകൾ അത് വിശ്വാസപ്രമാണത്തിന്റെ ഭാഗമാക്കിയത്. വേർപാട് തികച്ചും ആവശ്യമാണെന്നും പെന്തക്കോസ്ത് സഭകൾ വിശ്വസിക്കുന്നു. പക്ഷേ വിശ്വാസപ്രമാണങ്ങളില്ലാത്ത ന്യൂ ജനറേഷൻ സഭകളുമായി പെന്തക്കോസ്തർക്കുയോജിക്കാനാവില്ല.

ആദ്യകാലത്തെ പെന്തക്കോസ്ത് നേതാക്കൻമാർ ദുരുപദേശങ്ങൾക്കെതിരെ പോരാടുന്നതിൽ ശ്രദ്ധിച്ചിരുന്നു. കെ.ഇ. ഏബ്രഹാം, റ്റി.ജി.ഉമ്മൻ തുടങ്ങിയവർ ദുരുപദേശങ്ങൾക്കെതിരെ പുസ്തകങ്ങൾ എഴുതി. പക്ഷേ ഇപ്പോൾ ഇങ്ങനെയൊരു പരിപാടിയില്ല. ഒരു പെന്തക്കോസ്ത് നേതാവും ദുരുപദേശങ്ങൾക്കെതിരെ പുസ്തകം എഴുതുന്നില്ല, പ്രസംഗിക്കുന്നുമില്ല. ഇതാ വരുന്നൂ അനുഗ്രഹം എന്നതാണ് സ്ഥിരം പല്ലവി. അനുഗ്രഹം എന്നതുകൊണ്ട് ഭൗതീക അനുഗ്രഹമാണ് ഉദ്ദേശിക്കുന്നത്. ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവൻ പണക്കാരനായി മാറും. ദാരിദ്ര്യത്തിൽ കഴിയുന്നവൻ ശാപത്തിന്റെ കീഴിലാണ്. രോഗം, ദു:ഖം, ദാരിദ്ര്യം, കടം തുടങ്ങിയതൊക്കെ ശാപത്തിന്റെ ഫലമായുണ്ടാകുന്നതാണ്. ശാപം പൊട്ടിക്കുന്നതിൽ വിദഗ്ദ്ധരായവരെ വിളിച്ച് പ്രാർത്ഥിപ്പിച്ചാൽ ശാപത്തിൽ നിന്നു മോചനം പ്രാപിക്കാം. അതോടെ രോഗം മാറും. ദാരിദ്ര്യവും മറ്റു പ്രശ്നങ്ങളും മാറും. പിന്നെ പണത്തിന്റെ ഒഴുക്കാരംഭിക്കും. കൊട്ടാരം പോലുള്ള വീട്, വിലകൂടിയ കാറ് തുടങ്ങിയവയൊക്കെയുണ്ടാകും. ന്യൂ ജനറേഷൻ സഭകൾ പഠിപ്പിക്കുന്ന കാര്യങ്ങളാണ് ഈ പറഞ്ഞതൊക്കെ. കുപ്രസിദ്ധനായ തങ്കു, പരിശുദ്ധ എം.എ.വർഗീസ്, വിവരംകെട്ട ഡാമിയൻ തുടങ്ങിയവരെല്ലാം ഇതൊക്കെത്തന്നെയാണു പറയുന്നത്. ശാപം പൊട്ടിക്കൽ ശുശ്രൂഷയും ഇവർ നടത്തിവരുന്നു. ഈ പറഞ്ഞ സിദ്ധാന്തങ്ങളൊന്നും ദൈവവചനത്തിലുള്ളതല്ല. അതുകൊണ്ട് ഇവയെയെല്ലാം എതിർക്കേണ്ടതാണ്.

ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് പ്രസ്ഥാനം ഐ.പി.സിയാണ് എന്നു പറയപ്പെടുന്നു. അതു ശരിയാണെങ്കിൽ ഇത്തരം ദുരുപദേശങ്ങൾക്കെതിരെയുള്ള പോരാട്ടത്തിന് നേതൃത്വം കൊടുക്കേണ്ടത് ഐ.പി.സിയാണ്. പക്ഷേ നാളിതുവരെ ഐ.പി.സിക്ക് ഇതു ചെയ്യാൻ കഴിഞ്ഞിട്ടില്ല. പണമുണ്ടാക്കുന്നതിലും അധികാരം നിലനിർത്തുന്നതിലുമാണ് സഭാനേതാക്കൻമാർക്കു താല്പര്യം. അതിനായുള്ള തത്രപ്പാടിനിടയിൽ അവർ മറ്റുള്ളതെല്ലാം മറക്കുന്നു, അവഗണിക്കുന്നു. അതിന്റെ ഫലമായി ന്യൂ ജനറേഷൻ സഭകളുടെ ദുരുപദേശങ്ങൾ ഐ.പി.സി ഉൾപ്പെടെയുള്ള പെന്തക്കോസ്ത് സഭകളിലും കടന്നു കയറി. എന്തിനേറെ പറയുന്നു, ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോൺ ഒന്നാംതരം ദുരുപദേശക്കാരനാണ്. ന്യൂ ജനറേഷൻ സഭകളുടെ ദുരുപദേശമാണ് ഇയാൾ പ്രസംഗിക്കുന്നത്. അതുപോലെ, ഇയാൾ നേതൃത്വം കൊടുക്കുന്ന ചവർ ചാനലിലെ പ്രധാന പ്രസംഗകരെല്ലാം ന്യൂ ജനറേഷൻ സഭക്കാരാണ്. തങ്കുവിനേപ്പോലുള്ളവരെ സംരക്ഷിക്കാൻ തിരുവല്ലയിൽ ഒത്തുകൂടിയവരെല്ലാം ന്യൂ ജനറേഷൻ ഉപദേശങ്ങളിൽ വിശ്വസിക്കുന്നവരാണ്.

ഈ വൈകിയ വേളയിലെങ്കിലും ന്യൂ ജനറേഷൻ ദുരുപദേശത്തിനെതിരായ നിലപാടു സ്വീകരിക്കാൻ ഐ.പി.സി തീരുമാനിച്ചതിൽ സന്തോഷമുണ്ട്. പക്ഷേ ഈ തീരുമാനത്തിന്റെ ഉദ്ദേശശുദ്ധിയിൽ ഡിഫെൻഡറിനു സംശയമുണ്ടെന്ന വസ്തുത തുറന്നു പറയാൻ ആഗ്രഹിക്കുന്നു. കെ.സി.ജോണിന്റെ എതിർചേരിയിലുള്ളവർക്കാണ് ഐ.പി.സിയുടെ കേരള സ്റ്റേറ്റ് കൗൺസിലിൽ ഭൂരിപക്ഷം. കെ.സി.ജോൺ ഡിസംബർ 22ന് തിരുവനന്തപുരത്തു നടത്താൻ ഉദ്ദേശിക്കുന്ന രാഷ്ട്രീയ റാലിക്കെതിരെ ഐ.പി.സി കേരള സ്റ്റേറ്റ് നിലപാടു സ്വീകരിച്ചതും കെ.സി.ജോണിനോടുള്ള വിരോധംമൂലമാണ്. തങ്കുവിന്റെ സഭയെ ഐ.പി സിയുമായി അഫിലിയേറ്റ് ചെയ്യിക്കാൻ കെ.സി.ജോൺ പദ്ധതിയിട്ടപ്പോൾ അതിനെതിരായി സ്റ്റേറ്റ് കൗൺസിൽ ജനറൽ കൗൺസിലിനു കത്തു നൽകിയതും ഈ പൊളിറ്റിക്സിന്റെ ഫലമായാണ്.

ദുരുപദേശത്തിനെതിരെ പോരാടേണ്ടത് തികച്ചും ആവശ്യംതന്നെ. പക്ഷേ കെ.സി. ജോൺ പിൻതുണയ്ക്കുന്ന ദുരുപദേശത്തിനെതിരെ മാത്രമേ ഐ.പി.സി പോരാടൂ എന്നാണെങ്കിൽ അത് ശരിയായ പോരാട്ടമല്ല. അതിനോടു യോജിക്കാൻ ഡിഫെൻഡറിനു കഴിയുന്നതുമല്ല. പക്ഷേ പിൻതുണയ്ക്കുന്നത് ആരുതന്നെ ആയാലും ദുരുപദേശങ്ങൾക്കെതിരെ പോരാടും എന്നാണു തീരുമാനമെങ്കിൽ അതു നല്ലതുതന്നെ. എങ്കിലും ഇത്തരമൊരു നിലപാടു സ്വീകരിക്കാനുള്ള ആത്മീയത ഐ.പി.സിയിൽ ഉണ്ടെന്നു തോന്നുന്നില്ല. ഉണ്ടാകാൻ ബുദ്ധിമുട്ടുമാണ്. വചനവിരുദ്ധമായി രൂപം കൊടുത്തിട്ടുള്ള ഈ പെന്തക്കോസ്ത് സംഘടനകൾക്ക് വചനാനുസൃതം പ്രവർത്തിക്കുവാൻ കഴിയുന്നതെങ്ങനെ?

# ഡിഫെൻഡർ മറുപടി പറയുന്നു

? ഈയിടെയായി കേരളത്തിലെങ്ങും സുവിശേഷകർ വേട്ടയാടപ്പെടുകയാണ്. ഇതേപ്പറ്റി ഡിഫെൻഡറിന് എന്താണു പറയാനുള്ളത്?

■ യഥാർത്ഥ സുവിശേഷകർക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഈ ദിവസങ്ങളിൽ ഉണ്ടായതായി ഡിഫെൻഡറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. അങ്ങനെയുള്ള എന്തെങ്കിലും സംഭവങ്ങൾ ചൂണ്ടിക്കാട്ടാനുണ്ടെങ്കിൽ പ്രതികരിക്കാം.

ഈയിടെ ഉണ്ടായ സംഭവങ്ങളെ പ്രധാനമായി രണ്ടു വിഭാഗങ്ങളായി തിരിക്കാം. 1. സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായ റെയ്ഡും മറ്റും. 2. വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഉണ്ടായ പ്രക്ഷോഭങ്ങൾ.

രാജ്യത്തു നടക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ നടപടിയെടുക്കുക എന്നത് സർക്കാരിന്റെ കടമയാണ്. കെ.പി.യോഹന്നാൻ, തങ്കു തുടങ്ങിയവരുടെ പ്രവർത്തനങ്ങളേക്കുറിച്ച് പരാതികൾ ലഭിച്ചപ്പോൾ സർക്കാർ അന്വേഷണം നടത്തി. അതു തെറ്റാണെന്നു പറയുന്നതെങ്ങനെ? കെ.പി.യോഹന്നാനും തങ്കുവും മറ്റും കുറ്റം ചെയ്തിട്ടില്ലെങ്കിൽ ഭയപ്പെടേണ്ട കാര്യമില്ലല്ലോ.

സാധുക്കളായ സുവിശേഷകരെയോ നിയമവിധേയമായി പ്രവർത്തിക്കുന്ന സഭകളേയോ സർക്കാർ ഒരു വിധത്തിലും പീഡിപ്പിച്ചിട്ടില്ല. വിദേശപ്പണം ഒഴുകുന്ന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടത് രാജ്യത്തിന്റെ സുരക്ഷക്ക് ആവശ്യമാണ്. അതു മാത്രമാണ് സർക്കാർ ചെയ്തത്.

വിവിധ സംഘടനകൾ കെ.പിയോഹന്നാനും തങ്കുവിനും മറ്റും എതിരായി ജാഥ നടത്തിയതാണ് രണ്ടാമത്തെ ഇനത്തിൽപ്പെട്ട പീഡകൾ. ഈ സംഘടനകൾക്ക് അവരുടേതായ സ്ഥാപിത താല്പര്യങ്ങളുണ്ടായിരിക്കും. അതു നേടാനായി അവർ ഈ അവസരം വിനിയോഗിക്കയും ചെയ്തിരിക്കാം. അതിന് സർക്കാരിനെ പഴിച്ചിട്ടു കാര്യമില്ല.

ജാഥ കഴിഞ്ഞു മടങ്ങിയവർ ചില ക്രൈസ്തവ സ്ഥാപനങ്ങൾക്കെതിരെ കല്ലെറിഞ്ഞു എന്നതു ശരിതന്നെ. പക്ഷേ സർക്കാരിന്റെ അറിവോടും സമ്മതത്തോടും കൂടിയാണ് ഇതൊക്കെ നടന്നതെന്നു പറയാമോ?

ജനക്കൂട്ടത്തിന്റെ മന:ശാസ്ത്രം അറിയാവുന്നവർക്ക് ഇത്തരം സംഭവങ്ങളുടെ യഥാർത്ഥ കാരണമറിയാം. ആരു സമരം നടത്തിയാലും, എന്താവശ്യത്തിനു വേണ്ടി സമരം നടത്തിയാലും, കെ.എസ്.ആർ.റ്റി.സി ബസ്സിന്റെ ചില്ല് എറിഞ്ഞുതകർക്കും. ലോകത്തുള്ള സകല പ്രശ്നത്തിനും കാരണം കെ.എസ്.ആർ.റ്റി.സി ബസ്സുകളുടെ ചില്ലുകളാണെന്ന് സമരക്കാർ ധരിച്ചുവച്ചിരിക്കയാണെന്നു തോന്നുന്നു. പൂർണ്ണ സാക്ഷരത നേടിയെന്നു പറയപ്പെടുന്ന കേരളത്തിൽ വിവരദോഷികളുടെ എണ്ണത്തിൽ കുറവൊന്നും വന്നിട്ടില്ലെന്നു തീർച്ച.

തങ്കുവിന്റേയും തോമസ്കുട്ടിയുടേയും പ്രവർത്തനങ്ങളേക്കുറിച്ചു പരാതി ലഭിച്ചപ്പോൾ സർക്കാർ റെയ്ഡ് നടത്തി. ചില സംഘടനകൾ ജാഥ നടത്തുകയും ചെറിയതോതിൽ കല്ലേറു നടത്തുകയും ചെയ്തു. മാദ്ധ്യമങ്ങൾ ഇതെല്ലാം വാർത്തയാക്കി. ഇത്രയുമൊക്കെയാണ് ഇവിടെ നടന്നത്. 'ആകാശം ഇടിഞ്ഞു വീണേ' എന്നു പറഞ്ഞ് മുറവിളി കൂട്ടാനുള്ള കാര്യങ്ങളൊന്നും ഉണ്ടായിട്ടില്ല എന്നു ചുരുക്കം.

സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും ചില പെന്തക്കോസ്ത് പത്രങ്ങൾ അമിതാവേശം കാട്ടി. പെന്തക്കോസ്തിനെ തകർക്കാൻ സാത്താനും സർക്കാരും വരുന്നേ എന്ന് അവർ വിളിച്ചുകൂവി. വിവരംകെട്ട പെന്തക്കോസ്തുകാർ ഇതുകേട്ട് വിറളി പിടിച്ചോടി. ഇത്രയുമാണ് ഇവിടെ നടന്നത്. പ്രതികരണം അർഹിക്കുന്ന കാര്യങ്ങളല്ല ഇവയൊന്നും.

കൺവെൻഷൻ സീസൺ കഴിഞ്ഞ സമയത്താണ് ഈ പ്രശ്നങ്ങളുണ്ടായത്. കാര്യമായ വാർത്തകളോ പരസ്യങ്ങളോ ഇല്ലാതെ വിഷമിച്ചിരുന്ന പെന്തക്കോസ്ത് പത്രങ്ങളുടെ തലയിൽ തേങ്ങാവീണു എന്നു പറഞ്ഞാൽ മതിയല്ലോ. മതപീഡയുടെ നിറം പിടിപ്പിച്ച കഥകൾ പത്രങ്ങളിൽ നിറഞ്ഞു. കൂട്ടപ്രാർത്ഥനകളും ഉഗ്രൻ ഉപവാസങ്ങളും നടന്നു. പ്രവാചകൻമാർ സർവ്വ ശക്തിയും ഉപയോഗിച്ച് സാത്താനെ ശാസിച്ചു, ഉഗ്രമായി ഭർസിച്ചു. എന്നിട്ടോ? എന്നിട്ടൊന്നുമില്ല.

പെന്തക്കോസ്തുകാർ ഇത്ര വിവരംകെട്ടവരായതിൽ ദു:ഖം തോന്നുന്നു. ഒരു കാരണവും കൂടാതെ ഇത്രത്തോളം കോലാഹലമുണ്ടാക്കി. ഡോൺക്വിസ്ക്കോട്ടിനേപ്പോലെ കുന്തവുമെടുത്ത് ചാടിയിറങ്ങി. സാങ്കല്പിക ശത്രുവിനെതിരെ ഘോരഘോരം യുദ്ധം ചെയ്തു. അങ്ങനെ പെന്തക്കോസ്തിൽ കുറെ വീരപുരുഷൻമാരുണ്ടായി.

ഡിസംബർ 22ന് നടക്കുന്ന റാലിക്ക് ആളെ കൂട്ടാനുള്ള തന്ത്രമായിരുന്നു കെ.സി.ജോണും കൂട്ടരും പയറ്റിയത്. അതിനായി തങ്കു 15 ലക്ഷം രൂപ കെ.സി.ജോണിന് അഡ്വാൻസായി കൊടുക്കുകയും ചെയ്തു. ഇതൊന്നുമറിയാത്ത വിഡ്ഢികൾ വെറുതെ മസിൽ പിടിച്ചു.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# ബഥേൽ പി. ജേക്കബ് പേരുപറഞ്ഞു പ്രവചിച്ചു



ഒരു പരിചയവുമില്ലാത്ത ആളുകളെ ബഥേൽ പി. ജേക്കബ് പേരുപറഞ്ഞു വിളിച്ച് പ്രവചിച്ചു. പ്രവചനത്തിൽ പറഞ്ഞ കാര്യങ്ങളും തികച്ചും ശരി. അത്ഭുതമെന്നല്ലാതെ എന്തുപറയാൻ!

സംഭവം നടന്നത് വടക്കേ ഇന്ത്യയിലാണ്. ബഥേലിന്റെ നേതൃത്വത്തിൽ ഉപദേശിമാരുടെ ഒരു യോഗം നടക്കുന്നു. ബഥേലാണ് പ്രധാന പ്രസംഗകൻ. ഒരു പാസ്റ്റർ പരിഭാഷപ്പെടുത്തുന്നു. പ്രസംഗത്തിനിടയിൽ ബഥേൽ വടക്കേ ഇന്ത്യക്കാരും തികഞ്ഞ അപരിചിതരുമായ പാസ്റ്റർമാരെ പേരെടുത്തു പറഞ്ഞു വിളിച്ച് പ്രവചിച്ചു. പേരു വിളിച്ചതുതന്നെ അത്ഭുതം. കൂടാതെ, പ്രവചനം പൂർണ്ണമായും ശരി. ബഥേൽ പരമ വിശുദ്ധനും ദൈവത്തോട് ഏറ്റവും അടുത്ത പുള്ളിയുമാണെന്നതിന് ഇതിൽപ്പരം തെളിവെന്തുവേണം?

ഈ സംഭവത്തേക്കുറിച്ചറിഞ്ഞപ്പോൾ ഇതിന്റെ ഉള്ളുകള്ളികൾ അറിയാൻ ഡിഫെൻഡർ ഒരു ശ്രമം നടത്തി. അങ്ങനെ സത്യം വെളിവായി.

യോഗം ആരംഭിക്കുന്നതിനു മുൻപ് ബഥേൽ തന്റെ പരിഭാഷകനായ പാസ്റ്ററോട് യോഗത്തിൽ പങ്കെടുക്കാൻ എത്തിയിരിക്കുന്ന വടക്കേഇന്ത്യൻ ഉപദേശിമാരുടെ പേരും മറ്റു വിവരങ്ങളും ചോദിച്ചു. ഇവരിൽ ഓരോരുത്തർക്കുവേണ്ടിയും പിന്നീടു പ്രാർത്ഥിക്കാനാണ് ഈ വിവരങ്ങൾ ശേഖരിക്കുന്നതെന്നും പറഞ്ഞു. എല്ലാവരേയും നന്നായറിയാവുന്ന പരിഭാഷകൻ ഈ ഉപദേശിമാരുടെ പേരും മറ്റു വിവരങ്ങളും പറഞ്ഞുകൊടുത്തു. ബഥേൽ ഇതൊക്കെ എഴുതിയെടുത്തു. ഈ കടലാസ് ബൈബിളിൽ വച്ചിരുന്നു. പ്രസംഗത്തിനിടയിൽ ഈ കടലാസിൽ നോക്കിയാണ് പേരുവിളിക്കലും പ്രവചനവും മറ്റും നടത്തിയത്. എല്ലാം കണ്ട് പരിഭാഷകൻ സ്തംഭിച്ചുനിന്നു. ഇതാണ് പേരുവിളിക്കലിന്റെ ഗുട്ടൻസ്.

# ഷാജി മാറാനാഥാ പറഞ്ഞതു ശരി

കാശുകൊടുക്കുന്നവർക്കെല്ലാം സ്തുതി പാടുകയാണ് മോനായിയുടെ പത്രമായ സുഭാഷിതം സ്ഥിരമായി ചെയ്തുവരുന്നത്. പെന്തക്കോസ്തിലെ കള്ളൻമാർക്കെതിരെ ഒരു വാക്കുപോലും എഴുതുകയുമില്ല. ഇപ്പോഴും ഈ പതിവ് തുടരുന്നു. പക്ഷേ സുഭാഷിതത്തിന്റെ ജൂൺ ലക്കം ആറാം പേജിൽ പതിവിനു വിപരീതമായി ഒരു ലേഖനം കണ്ടു. ഷാജി മാറാനാഥാ എന്ന ആളാണ് ലേഖകൻ.

ആരാണ് ഷാജി മാറാനാഥാ? അറിഞ്ഞുകൂടാ. അങ്ങനെയൊരു പേര് ആദ്യമായി കേൾക്കുകയാണ്. പക്ഷേ ഷാജി പറഞ്ഞത് പൂർണ്ണമായും ശരിയാണ്. ''ആത്മീയലോകത്തെ കുറുക്കുവഴികൾ'' എന്നാണ് ലേഖനത്തിന്റെ പേര്. ലേഖനത്തിന്റെ ഉള്ളടക്കം അതിന്റെ തലക്കെട്ടിൽ നിന്നുതന്നെ വ്യക്തമാണ്. ഷാജിയുടെ ലേഖനം അസ്സലായെന്നു പറയാതെവയ്യ. പെന്തക്കോസ്തിലെ കള്ളൻമാർക്കെതിരെ ഷാജി ആഞ്ഞടിക്കുകയാണ്. ഇത്തരത്തിലുള്ള ലേഖനങ്ങൾ അപൂർവ്വമായി മാത്രമേ പെന്തക്കോസ്ത് പത്രങ്ങളിൽ കാണാറുള്ളൂ. ലേഖനം എഴുതിയ ഷാജിക്കും ഈ ലേഖനം (അബദ്ധത്തിലാണെങ്കിലും) പ്രസിദ്ധീകരിച്ച സുഭാഷിതത്തിനും അഭിനന്ദനങ്ങൾ.

# എം.എ. വർഗീസിനെതിരെ സഭയിൽ കലാപം



മഹാപരിശുദ്ധനും പരമ കള്ളനുമായ എം.എ.വർഗീസിന്റെ സഭയിൽ കലാപം പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു. ഈ ചങ്ങാതി ബാംഗ്ലൂരിൽ സ്ഥാപിച്ചിട്ടുള്ള ബഥേൽ അസംബ്ലി ഓഫ് ഗോഡിലാണ് വിപ്ലവമുണ്ടായിരിക്കുന്നത്.

ആയിരക്കണക്കിന് അംഗങ്ങളുള്ള സഭയാണ് ബഥേൽ. എം.എ.വർഗീസാണ് ഇവിടത്തെ കാണപ്പെട്ട ദൈവം. മലയാളം ഉൾപ്പെടെ വിവിധ ഭാഷകളിൽ ആരാധന നടക്കുന്നു. അങ്ങനെ കാര്യങ്ങൾ മുൻപോട്ടു പോകുമ്പോഴാണ് എല്ലാവരും ഒരു ഭീകര രഹസ്യം അറിയുന്നത്: സഭയുടെ സ്ഥലവും കെട്ടിടവും അസംബ്ലീസ് ഓഫ് ഗോഡിന്റെ പേരിലല്ല, എം.എ.വർഗീസിന്റെ പേരിലാണ്. ഈ വിശുദ്ധൻ അത് സ്വന്തം മകനു കൈമാറാൻ പദ്ധതിയിടുകയാണ്.

തങ്ങൾ അദ്ധ്വാനിച്ചുണ്ടാക്കിയ പണം ഉപയോഗിച്ച് ഉണ്ടാക്കിയ സ്വത്തുക്കൾ എം.എ. വർഗീസ് തട്ടിയെടുക്കുന്നതു കണ്ട് മൗനമായിരിക്കാൻ സഭയിലെ കർണ്ണാടകക്കാരായ അംഗങ്ങൾ തയ്യാറായില്ല. കർണ്ണാടകക്കാരനായ പാസ്റ്ററുടെ നേതൃത്വത്തിൽ അവർ കലാപക്കൊടിയുയർത്തി. അതോടെ എം.എ.വർഗീസിലെ ചെകുത്താൻ പുറത്തുവന്നു. ഈ പാസ്റ്റർ ദുർന്നടത്തക്കാരനാണെന്ന് ആരോപിച്ച് സഭയിൽ നിന്നു പുറത്താക്കി. അതോടെ പ്രശ്നം കൂടുതൽ രൂക്ഷമായി. മണ്ണിന്റെ മക്കൾ വാദവുമായി ചിലർ കർണ്ണാടകക്കാരുടെ സഹായത്തിനുമെത്തി. ഒടുവിൽ പ്രശ്നത്തിന്റെ ഗൗരവം എം.എ.വർഗീസിന് ബോദ്ധ്യമായി. കർണ്ണാടകക്കാർക്ക് നഷ്ടപരിഹാരവും മറ്റും നൽകി പ്രശ്നം ഒതുക്കി തീർക്കാൻ ശ്രമം നടന്നുവരുന്നു.

ശാസ്ത്രജ്ഞനാണെന്നു വീമ്പിളക്കി നടക്കുന്ന എം.എ. വർഗീസിന്റെ യഥാർത്ഥ വിദ്യാഭ്യാസയോഗ്യത പത്താം ക്ലാസ്സും ഐ.റ്റി.ഐയുമാണ്. ഇയാൾ ഒന്നാംതരം കള്ളനാണെന്ന് ഡിഫെൻഡർ പലവട്ടം എഴുതിയിട്ടും വിശ്വാസം വരാത്തവർ ഇപ്പോഴെങ്കിലും സത്യം മനസ്സിലാക്കുക.

# ഗ്രഹണവും പാളയടിയും

സൂര്യഗ്രഹണം നേരിൽ കണ്ടാൽ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടെന്നു വരാം. അതുകൊണ്ട് ചാണകവെള്ളത്തിൽ നോക്കിയാണ് പലരും സൂര്യഗ്രഹണം കാണുന്നത്. രാഹു സൂര്യനെ വിഴുങ്ങുന്നതാണ് സൂര്യഗ്രഹണം എന്നാണ് വിശ്വാസം. രാഹുവിന്റെ വായിൽ നിന്നു സൂര്യനെ രക്ഷിച്ചില്ലെങ്കിൽ കാര്യം കുഴയും. അതിന് പണ്ടുള്ളവർ ഒരു വിദ്യ കണ്ടുപിടിച്ചിരുന്നു. പാത്രത്തിൽ കലക്കിവെച്ച ചാണകവെള്ളത്തിൽ സൂര്യഗ്രഹണം കണ്ടുകൊണ്ടിരിക്കുമ്പോൾ ഉളക്കപ്പാള കൊണ്ട് നിലത്തടിക്കും. ശബ്ദം കേട്ട് രാഹു പേടിച്ചോടും. സൂര്യൻ രക്ഷപ്പെടും. അങ്ങുദൂരെ, ആകാശത്ത്, സൂര്യനെ വിഴുങ്ങുന്ന രാഹുവിനെ ഭയപ്പെടുത്താൻ നിലത്തു പാളകൊണ്ടടിക്കുന്നതുപോലെ ഒരു പരിപാടി ബഥേൽ പി. ജേക്കബ് ഇപ്പോൾ ചെയ്തുവരുന്നു. ബഥേലിന്റെ തട്ടിപ്പുകൾ ബാലൻ പുറത്താക്കുന്നതു തടയണം. അതിനായി അങ്ങുദൂരെ അമേരിക്കയിലെ സഭയിൽ പ്രസംഗിക്കുമ്പോൾ ബാലനെ വെല്ലുവിളിച്ചു സംസാരിക്കുന്നു. ബാലൻ ഭയപ്പെടുമെന്നു തീർച്ച.




# പുനലൂരിലെ കള്ളനെതിരെ പത്രവാർത്ത

എസ്.കെ.തോമസ് എന്നൊരു പെരുങ്കള്ളൻ പുനലൂരിലുണ്ട്. ബൈബിൾ കോളേജ് ഉൾപ്പെടെ പലവിധ തരികിടകളും ഇയാൾ നടത്തുന്നുമുണ്ട്. ഏതായാലും ഇയാളുടെ കലാപരിപാടികൾ ഈയിടെയായി പത്രങ്ങളിൽ നിറയുകയാണ്. ഇയാളുടെ ബൈബിൾ കോളേജിലെ വിദ്യാർത്ഥികളിൽ നല്ലൊരുപങ്ക് നാഗാലാന്റ്, മണിപ്പൂർ തുടങ്ങിയ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. ഇവർക്ക് വേണ്ടത്ര ഭക്ഷണമോ മറ്റു സൗകര്യങ്ങളോ നൽകാതെ പീഡിപ്പിക്കയും ചെയ്യുന്നു. സഹികെട്ട കുട്ടികൾ വിവരം നാട്ടുകാരോടു പറഞ്ഞതോടെയാണ് സംഭവം പത്രങ്ങളിൽ വാർത്തയായത്.

ജൂൺ 23ന് പുറത്തിറങ്ങിയ ഫ്ളാഷ് - കൊല്ലം എഡിഷനിൽ ഇയാളേപ്പറ്റി വിശദമായ വാർത്തയുണ്ട്. ബൈബിൾ കോളേജിലെ വിദ്യാർത്ഥികൾക്കു പട്ടിയിറച്ചി കൊടുത്തു, രോഗശാന്തി തേടിയെത്തിയ വീട്ടമ്മയെ പറഞ്ഞു മയക്കി വിവാഹമോചനം നടത്തിച്ചു തുടങ്ങിയവയാണ് പ്രധാന ആരോപണങ്ങൾ. രോഗശാന്തി മൂത്ത് വിവാഹമോചനമായെങ്കിൽ അത് അങ്ങേയറ്റം ഹീനമായ നടപടിയാണെന്നതിൽ സംശയമില്ല. പിന്നെ, പട്ടിയിറച്ചിയുടെ കാര്യം. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ആട്ടിറച്ചിയേക്കാൾ വിലയുണ്ട് പട്ടിയിറച്ചിക്ക്. അതു തിന്നാൻ കിട്ടുന്നതിൽ വിദ്യാർത്ഥികൾക്ക് സന്തോഷമേ ഉണ്ടാകൂ. ഈ വിദ്യാർത്ഥികൾ കേരളത്തിലൂടെ നടക്കുമ്പോൾ അല്പം സൂക്ഷിക്കണം: സർവ്വേക്കല്ലും മയിൽക്കുറ്റിയും മറ്റും കാണുമ്പോൾ അറിയാതെ ഒരു കാല് പൊങ്ങിപ്പോയെന്നുവരാം.

# ശുശ്രൂഷകരുടെ സമ്മേളനത്തിന് സായിപ്പിനെ വിളിക്കാൻ നീക്കം

ഐ.പി.സി കേരള സ്റ്റേറ്റ് ശുശ്രൂഷക സമ്മേളനം സെപ്റ്റംബർ ആദ്യ ആഴ്ചയിൽ നടത്താൻ തീരുമാനിച്ചിരിക്കയാണ്. പ്രധാന പ്രസംഗകനായി ഒരു സായിപ്പിനെ വിളിക്കാനാണ് നീക്കം.

ഐ.പി.സി നേതാക്കൻമാർക്കെല്ലാം സായിപ്പൻമാരുമായി ബന്ധങ്ങളുണ്ട്. ഇതിൽ ഏതെങ്കിലും ഒരു സായിപ്പിനെ കൊണ്ടുവന്നാൽ ശുശ്രൂഷക സമ്മേളനത്തിന്റെ ചെലവ് സായിപ്പിൽ നിന്നു വസൂലാക്കാം. കൂടാതെ, ഇന്ത്യയിലെ മിനിസ്ട്രിയുടെ പേരുപറഞ്ഞ് നല്ലൊരുതുക തട്ടുകയും ചെയ്യാം. ഇതാണ് സായിപ്പിനെ കൊണ്ടുവരുന്നതിന്റെ രഹസ്യം. പക്ഷേ സഭാനേതാക്കൻമാരുടെ വിദേശബന്ധങ്ങൾ സർക്കാർ സസൂക്ഷ്മം നിരീക്ഷിക്കുന്ന ഈ സമയത്ത് സായിപ്പിനെ കൊണ്ടുവന്ന് പുലിവാലു പിടിക്കാതിരിക്കയാണു ബുദ്ധി.



# മോനായി വീണ്ടും കള്ളം പറയുന്നു

സി.പി.മോനായി വീണ്ടും തട്ടിപ്പിനു ശ്രമിക്കുന്നു. ഇപ്പോൾ അമേരിക്കൻ പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന മോനായി ചില അമേരിക്കൻ മലയാളികളെ കബളിപ്പിച്ചു കഴിഞ്ഞതായി അറിയാൻ കഴിഞ്ഞു. അതുകൊണ്ട് മോനായിയുടെ തട്ടിപ്പുകളേക്കുറിച്ച് വീണ്ടും എഴുതുകയാണ്.

പത്രത്തിനു വരിസംഖ്യ പിരിക്കുക എന്നത് മോനായിയുടെ അമേരിക്കൻ പര്യടനത്തിന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ്. അതുകൊണ്ട് ആ വിഷയത്തേക്കുറിച്ച് ആദ്യമായി പറയാം. മോനായിയുടെ പത്രത്തിന് രജിസ്ട്രേഷനില്ല എന്ന വസ്തുത ഒന്നാം പേജിൽ വ്യക്തമാക്കിയിട്ടുണ്ടല്ലോ. അതുകൊണ്ട് മോനായിയുടെ പത്രത്തിനു വരിസംഖ്യ കൊടുക്കുന്നവർ വിഡ്ഢികളാകുമെന്നു തീർച്ച. കാരണം രജിസ്ട്രേഷനില്ലാത്ത ഈ പത്രം ഇനി ഏറെക്കാലം ഇറക്കാനാവില്ല. വരിസംഖ്യ കൊടുക്കുന്നവർക്കു പത്രം കിട്ടുകയുമില്ല.

**കളർ പത്രമിറക്കി**

മോനായി സാധാരണയായി പത്രമിറക്കുന്നത് വെറും കച്ചിക്കടലാസ്സിൽ ബ്ലാക്ക് & വൈറ്റ് ആയിട്ടാണ്. പക്ഷേ ജൂൺ ലക്കം ഇറക്കിയത് കളറിലാണ്. കാര്യമെന്താണ്? ഈ പത്രം കാണിച്ചാണ് അമേരിക്കയിൽ പിരിവു നടത്തേണ്ടത്. കളറിൽ അടിച്ച പത്രം കാണുമ്പോൾ മോനായിയുടെ പത്രം എപ്പോഴും ഇങ്ങനെയാണെന്നു വിഡ്ഢികളായ അമേരിക്കൻ മലയാളികൾ ധരിക്കും. അതിനുള്ള വിദ്യയാണ് ഈ കളർ പരിപാടി.

**മോനായി എഞ്ചിനീയറാണത്രേ**

മോനായി എഞ്ചിനീയറാണോ? ആണെന്ന് മോനായി പറയുന്നു. സുഭാഷിതത്തിന്റെ ജൂൺ ലക്കം പേജ് 9ൽ മോനായി സ്വന്തം കാര്യം പറയുന്നുണ്ട്. അവിടെ ഒരു വാചകം ആരംഭിക്കുന്നത് ഇങ്ങനെയാണ്: സിവിൽ എഞ്ചിനീയറിംഗിനു ശേഷം ലഭിച്ച മാന്യമായ ജോലി ഉപേക്ഷിച്ച് .... മോനായി ഇറങ്ങിയത്രേ. വെടിയോ ഠോ എന്നല്ലാതെ എന്തു പറയാൻ. മോനായി ഏതു കോളേജിലാണ് എഞ്ചിനീയറിംഗ് പഠിച്ചതെന്ന് പരസ്യമായി പറയാമോ? പറയില്ലെന്നു തീർച്ച. പിന്നെ ജോലിയുടെ കാര്യം. എഞ്ചിനീയറാണെന്നു പറഞ്ഞ് എവിടെയെങ്കിലും ചില ആഴ്ചകളോ മാസങ്ങളോ ജോലി ചെയ്തുകാണും. ഇതാണ് ''മാന്യമായ ജോലി ഉപേക്ഷിച്ചത്.''

**തിയോളജി പഠനം**

ബാംഗ്ലൂരിലുള്ള എജിഎസ്സി, സയാക്സ് എന്നിവിടങ്ങളിൽ മോനായി പഠിച്ചത്രേ. എജിഎസ്സിയിൽ കറസ്പോണ്ടൻസ് കോഴ്സിൽ മോനായി പഠിച്ചു എന്നതു ശരിതന്നെ. ഭാര്യ എഴുതിക്കൊടുത്ത അസൈൻമെന്റുകൾ വഴി മാർക്കു ലഭിക്കയും പാസ്സാകുകയും ചെയ്തു. തുടർന്ന് സയാക്സിൽ പഠിക്കാനെത്തി. അസൈൻമെന്റുകൾക്ക് നല്ല മാർക്ക്. പരീക്ഷാപേപ്പറിൽ ഒരു വാചകംപോലും ശരിയല്ല. ഇതെന്തുകളി? അന്വേഷിച്ചപ്പോൾ കാര്യം പിടികിട്ടി. അസൈൻമെന്റുകൾ ഭാര്യ എഴുതി കൊടുക്കുന്നതാണ്. മോനായിക്ക് ഒരു വാചകംപോലും എഴുതാൻ അറിയില്ല. അങ്ങനെ സയാക്സിൽ നിന്ന് ഔട്ടായി. സംശയമുള്ളവർ, അക്കാലത്ത് സയാക്സിലുണ്ടായിരുന്ന ഇടിച്ചെറിയ നൈനാനോട് ചോദിക്കുക.

**സാലി ജോലിക്കുപോയില്ല**

മോനായിയുടെ ഭാര്യ ജോലിക്കു പോകാതിരുന്നത് വിശുദ്ധിയുടെ അങ്ങേയറ്റത്തെ ലക്ഷണമായിട്ടാണ് മോനായി പറയുന്നത്. പക്ഷേ സാലി തിരുവല്ല റീഡേഴ്സ് പബ്ലിക്കേഷനിലെ ജോലിക്കാരിയായിരുന്നെന്നും വചനപോഷിണിയിൽ നിന്ന് ലേഖനങ്ങൾ മോഷ്ടിച്ച് ഉപവാസം എന്ന പുസ്തകം ഇറക്കാൻ മോനായിക്കു കൂട്ടുനിന്നതോടെ പിരിച്ചുവിടപ്പെട്ടതാണെന്നുമുള്ള സത്യം മോനായി പറയുന്നില്ല. പിന്നീട് മറ്റൊരു ജോലി കിട്ടാതിരുന്നതുകൊണ്ടു ജോലിക്കു പോയില്ല എന്നുമാത്രം. ഇതെങ്ങനെ മഹത്വമാകും.

**ഡോക്ട്രേറ്റ് പഠനം**

മോനായി ഇപ്പോൾ ഡോക്ട്രേറ്റിനു പഠിക്കയാണത്രേ. ഏതു സ്ഥാപനത്തിൽ? അതു മോനായി പറയില്ല. ഭാര്യയുടെ കഴിവുകൊണ്ടു കിട്ടിയ തിയോളജി ഡിഗ്രി മാത്രമുള്ള മോനായി ഡോക്ട്രേറ്റിനു പഠിക്കുന്നെങ്കിൽ അത് ഏതുതരത്തിലുള്ള സ്ഥാപനത്തിലായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. റ്റി.എസ്.ബാലന്റെ പട്ടിക്കും പൂച്ചക്കും ഐ.പി.സി പ്രസിഡന്റായ കെ.സി.ജോണിനും വരെ ഡോക്ട്രേറ്റ് കിട്ടിയ കഥ മറക്കാറായിട്ടില്ല. അതുകൊണ്ട് മോനായിയും ഡോയാകും.

**ദൈവം ന്യായം വിധിക്കും**

മോനായി തട്ടിപ്പുകാരനാണെന്ന സത്യം തുറന്നു പറഞ്ഞാൽ ദൈവം ന്യായംവിധിക്കുമത്രേ. അത് ഏതു ദൈവമാണപ്പാ? അതിന് ആധാരമായി ഒരു വാക്യവും മഹാപണ്ഡിതനായ മോനായി കണ്ടെത്തി. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു എന്നതാണ് ആ വാക്യം. 2 കൊരി. 5:10. അന്ത്യന്യായവിധിയുടെ കാര്യമാണ് ഇവിടെ പറയുന്നതെന്നത്രേ വിവരദോഷിയായ മോനായി ധരിച്ചുവച്ചിരിക്കുന്നത്. പക്ഷേ ദൈവദാസൻമാർക്ക് പ്രതിഫലം കൊടുക്കുന്ന കാര്യമാണ് പൗലോസ് ഇവിടെ പറയുന്നത്. മോനായിയേപ്പോലുള്ള കള്ളൻമാർക്കെതിരെ പോരാടിയതിനുള്ള പ്രതിഫലം റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ പ്രാപിക്കുന്നത് ഈ ന്യായവിധിയിലാണ്.

**എത്ര കോപ്പിയുണ്ട്?**

മോനായിയുടെ പത്രത്തിന് എത്ര കോപ്പിയുണ്ട്? അഞ്ചുലക്ഷം വായനക്കാരുണ്ടെന്നായിരുന്നു ആദ്യത്തെ പ്രചരണം. ഇതു കള്ളമാണെന്ന് ഡിഫെൻഡർ പറഞ്ഞപ്പോൾ വായനക്കാരുടെ എണ്ണം ഒരുലക്ഷമാക്കി. അതും കള്ളമാണെന്നു ഡിഫെൻഡർ പറഞ്ഞു. ഇപ്പോൾ കോപ്പികളുടെ എണ്ണം പറയുന്നതേയില്ല. യഥാർത്ഥത്തിൽ 2500 കോപ്പി മാത്രമാണ് മോനായിയുടെ പത്രത്തിനുള്ളത്.

**സായിപ്പിന്റെ തലയിൽ**

ഏതോ ഒരു സായിപ്പിന്റെ തലയിൽ മോനായി കൈവച്ചു പ്രാർത്ഥിക്കുന്ന ചിത്രം സുഭാഷിതത്തിന്റെ ഒന്നാം പേജിലുണ്ട്. നാണമില്ലാത്തവന് ഇതും ഒരു തണൽ. പ്രാർത്ഥിച്ചത് ഏതു ഭാഷയിലാണ്? ഏതായാലും ഇംഗ്ലീഷിലാകാൻ ഇടയില്ല. തെറ്റുകൂടാതെ ഇംഗ്ലീഷ് പറയാനുള്ള പരിജ്ഞാനം ഡോക്ട്രേറ്റിനു പഠിക്കുന്ന മോനായിക്കില്ല.

**അഞ്ചാറു യോഗം കിട്ടി**

മോനായിക്ക് അമേരിക്കയിൽ അഞ്ചാറു സ്റ്റേജുകിട്ടി. എല്ലാത്തിന്റേയും ചിത്രം ജൂൺ ലക്കം സുഭാഷിതത്തിലുണ്ട്. പ്രോഗ്രാമില്ലാതെ വെറുതെയിരിക്കയാണ് മോനായി എന്ന് ആർക്കും തോന്നാതിരിക്കാനാണ് ഈ ഫോട്ടോപ്രദർശനം. അമേരിക്കയിലെത്തുന്ന ഏതു വിവരദോഷിക്കും അഞ്ചോ പത്തോ സ്റ്റേജു കിട്ടും. പക്ഷേ മോനായി മാത്രമേ അതിന്റെയൊക്കെ ചിത്രം പത്രത്തിൽ പ്രസിദ്ധീകരിക്കൂ.

**സാഹിത്യം: പുത്രി വഹ**

ഭാര്യയുടെ സഹായം കൊണ്ട് മോനായി ഡസൻ കണക്കിനു പുസ്തകങ്ങൾ എഴുതിത്തള്ളിയതുപോലെ മോനായിയുടെ മോളും ചെറുപ്രായത്തിൽത്തന്നെ സാഹിത്യകാരിയായി. 1993ൽ ആണ് മോനായി വിവാഹം കഴിച്ചത്. അപ്പോൾ മകളുടെ പ്രായം ഊഹിക്കാം. ഈ മോളാണ് ബാലസുഭാഷിതം എഴുതിയിരിക്കുന്നത്. മോനായിയുടെ മകളാണെന്ന് ആരും അറിയാതിരിക്കാൻ അൻസു എം ചിറയിൽ എന്നാണ് പേരു കൊടുത്തിരിക്കുന്നത്. എലീശയെ ചില ബാലൻമാർ മൊട്ടത്തലയാ എന്നു വിളിച്ചതും അതിനുള്ള ശിക്ഷ അവർക്കു കിട്ടിയതുമാണ് കഥ. കുട്ടികൾ ദൈവദാസൻമാരെ പരിഹസിക്കരുത് എന്നൊരു ഗുണപാഠവും കഥയിലുണ്ട്. (പ്രായപൂർത്തിയായവർക്ക് ദൈവദാസൻമാരെ പരിഹസിക്കാം). പക്ഷേ അൻസുവിനുവേണ്ടി ഈ കുറിപ്പ് എഴുതിയ സാലി ബൈബിൾ അല്പം പഠിക്കുന്നത് നന്നായിരിക്കും. ഇവിടെ ബാലന്മാർ എന്നു പറഞ്ഞിരിക്കുന്നത് കുട്ടികളേക്കുറിച്ചല്ല. കുട്ടികളേക്കുറിച്ചു പറയാൻ എബ്രായ പഴയനിയമത്തിൽ ഈ വാക്കല്ല ഉപയോഗിച്ചിട്ടുള്ളതും. വേലക്കാർ, യുവാക്കൾ എന്നൊക്കെ ഏകദേശം അർത്ഥം പറയാം. മലയാളത്തിൽ ചെക്കൻമാർ എന്നു പറയുന്നതുപോലെയുള്ള അർത്ഥമാണ് ഈ വാക്കിനുള്ളത്. ചെക്കൻമാർ അല്ലെങ്കിൽ ചെറുക്കൻമാർ എന്നു പറഞ്ഞാൽ ചെറിയ ആൺകുട്ടികൾ എന്ന് അർത്ഥം വരുന്നില്ല. കല്യാണച്ചെക്കൻ ഏതായാലും കൊച്ചുകുട്ടിയല്ലല്ലോ. മോളുടെ പേരും ഫോട്ടോയും കൊടുത്ത് അമ്മ ലേഖനമെഴുതി മകളെ വെറുതെ വിവാദങ്ങളിലേക്കു വലിച്ചിഴയ്ക്കരുത്.

മോനായിയുടെ സകല തട്ടിപ്പിന്റേയും പിന്നിൽ എം.എസ്. സാമുവൽ എന്ന അധികാരമോഹിയാണ് പ്രവർത്തിക്കുന്നത്. വരുന്ന തെരഞ്ഞെടുപ്പിൽ ഐ.പി.സിയുടെ പ്രസിഡന്റാകുകയാണ് ഇയാളുടെ ലക്ഷ്യം. അതിനു സഹായം ചെയ്യാമെന്ന് മോനായി വാക്കുകൊടുത്തിട്ടുമുണ്ട്. അതുകൊണ്ടാണ് ഇയാൾ മോനായിക്കു സ്പോൺസർ ലറ്റർ കൊടുത്ത് അമേരിക്കയിൽ കൊണ്ടുവന്നിട്ടുള്ളത്. പക്ഷേ മോനായിയുടെ സ്വഭാവം നന്നായറിയാവുന്നതുകൊണ്ട് ഇയാളെ സ്വന്തം വീട്ടിൽ താമസിപ്പിക്കാൻ എം.എസ്.സാമുവൽ തയ്യാറല്ല. ഈ കുറിപ്പ് എഴുതുന്ന സമയത്ത് മോനായി ന്യൂയോർക്കിൽ റോയി എന്നു പേരുള്ള ഒരാളുടെ വീട്ടിലാണ് താമസം. ഭാര്യയും മൂന്നു കുഞ്ഞുങ്ങളുമായി താമസിക്കുന്ന ഈ പാവം സഹോദരന്റെ തലയിൽ മോനായിയെന്ന കുരിശ് എം.എസ്.സാമുവൽ കെട്ടിവയ്ക്കയായിരുന്നു. എതിർക്കാൻ ശേഷിയില്ലാത്തതുകൊണ്ട് റോയി മോനായിയെ ചുമക്കുന്നു. ഭർത്താവും ഒരു കുട്ടിയുമുള്ള ആനിയെന്ന സ്ത്രീയുമായുള്ള അവിഹിത ബന്ധം പിടിക്കപ്പെട്ടതോടെയാണ് മോനായിക്ക് കാക്കനാട് സഭയിൽ നിന്ന് ഓടേണ്ടതായി വന്നത്. തിരുവല്ലയിൽ പാസ്റ്ററായിരിക്കുമ്പോൾ ഭവനസന്ദർശനത്തിനിടയിൽ ഒരു സ്ത്രീയെ കയറിപ്പിടിച്ചതുകൊണ്ടാണ് തിരുവല്ലയിലെ ശുശ്രൂഷവിട്ട് ഇടുക്കി ജില്ലയിൽ അമ്മായിയപ്പന്റെ സെന്ററിൽ രണ്ടോ മൂന്നോ ആൾ മാത്രമുള്ള സഭയിൽ പാസ്റ്ററാകേണ്ട ഗതികേടുണ്ടായത്. ഇങ്ങനെയുള്ള മോനായിയോടൊപ്പം സ്വന്തം ഭാര്യയേയും മൂന്നു കുഞ്ഞുങ്ങളേയും വിട്ടിട്ട് റോയി എങ്ങനെ ജോലിക്കുപോകും? മോഷണായിയെ റോയി എന്ന പാവപ്പെട്ടവന്റെ തലയിൽ കെട്ടിവച്ച എം.എസ്സിന് ഇതൊന്നും അറിയേണ്ടതില്ല. സത്യം സത്യമായി പറഞ്ഞാൽ എം.എസ്. സാമുവലിനേപ്പോലുള്ള കള്ളൻമാരാണ് പെന്തക്കോസ്തിന്റെ ശാപം. ഇനിയും ചില മാസങ്ങൾകൂടി മോനായി അമേരിക്കയിലുണ്ടാകും. അതിനിടയിൽ ആരൊക്കെ ഈ കുരിശു ചുമക്കേണ്ടതായി വരുമെന്നു കണ്ടുതന്നെ അറിയണം.






RNI No. 68089 / 97
2008 July 1

THE DEFENDER

REGISTERED
KL/ALY/0031/2006-08

# കെ. എ. ഏബ്രഹാമിനു സംഭവിച്ചതെന്ത്?

കെ.എ.ഏബ്രഹാം എന്ന വിവരദോഷി ഗുരുതരമായ നിയമ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന സമയമാണിത്. അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ നിരവധി പ്രസംഗകർ പെന്തക്കോസ്തിലുണ്ടെങ്കിലും വിവരക്കേടുകൊണ്ട് കെ.എ.ഏബ്രഹാമിനോളം കുപ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള മറ്റൊരു പ്രസംഗകനില്ല.

എന്തുകൊണ്ടാണ് ഈ വിദ്വാൻ ഇത്രയധികം വിവരക്കേടുകൾ എഴുന്നെള്ളിക്കുന്നത്? അഹങ്കാരംകൊണ്ട് എന്ന മറുപടി മാത്രമേ പറയാനാവൂ. തനിക്ക് എല്ലാം അറിയാമെന്ന ധാരണയിലാണ് കെ.എ.ഏബ്രഹാമിന്റെ പ്രസംഗം. ആരെങ്കിലും തെറ്റു ചൂണ്ടിക്കാട്ടിയാൽ കെ.എ.ഏബ്രഹാം സമ്മതിച്ചുകൊടുക്കില്ലെന്നു മാത്രമല്ല തന്നെ തിരുത്താൻ ശ്രമിച്ചവനെ ശത്രുവായി പ്രഖ്യാപിക്കയും ചെയ്യും. ഇങ്ങനെ കെ.എ. ഏബ്രഹാമിനെ തിരുത്താൻ ശ്രമിച്ച് നാണം കെട്ടവർ നിരവധിയുണ്ട്. പതാകപ്രശ്നത്തിൽ സംഭവിച്ചതും ഇതുതന്നെ.

കെ.എ.ഏബ്രഹാം പറയുന്നത് ശുദ്ധ വിവരക്കേടാണെന്ന് ഡിഫെൻഡർ പറഞ്ഞപ്പോൾ അത് കെ.എ.ഏബ്രഹാം അംഗീകരിച്ചിരുന്നെങ്കിൽ ഇന്നുണ്ടായിരിക്കുന്ന പ്രശ്നങ്ങളെല്ലാം ഒഴിവാക്കാമായിരുന്നു. പക്ഷേ തലക്കനംമൂലം ഈ വിദ്വാൻ തെറ്റു തിരുത്താൻ തയ്യാറായില്ല. അതുകൊണ്ട് ഡിഫെൻഡർ ഈ രാജ്യദ്രോഹത്തിനെതിരെ ശക്തിയായി പ്രതികരിച്ചു. അങ്ങനെ പലരും ഇതറിഞ്ഞു. സെക്യുലർ പത്രങ്ങളിലും ടി.വി ചാനലുകളിലും മറ്റും ഇതു വാർത്തയായി. പ്രശ്നത്തിന്റെ ഗൗരവം അപ്പോഴാണ് കെ.എ ഏബ്രഹാമിനു മനസ്സിലായത്. അപ്പോൾ അയാൾ ക്ഷമായാചനയുമായി രംഗത്തെത്തി. പക്ഷേ അതുകൊണ്ടു കാര്യമായ പ്രയോജനമുണ്ടായില്ല. അപ്പോഴേക്കും പ്രശ്നം പിടിവിട്ടുപോയിരുന്നു.

എത്ര ഗൗരവമുള്ള കുറ്റമാണ് കെ.എ.ഏബ്രഹാം ചെയ്തതെന്ന് ഏവരും അറിഞ്ഞിരിക്കണം. മൂന്നു വർഷം മുൻപ് ചിങ്ങവനത്തു നടന്ന ഒരു മീറ്റിംഗിലാണ് ഇയാൾ ആദ്യമായി ഈ വിവരക്കേടു പ്രസംഗിച്ചത്. അതു കഴിഞ്ഞ് നിരവധി സ്റ്റേജുകളിൽ അവറാൻ ഇതു പ്രസംഗിച്ചു. ദേശീയ പതാകയെ പരമാവധി അവഹേളിക്കുന്നതായിരുന്നു ഈ പ്രസംഗം. ഇയാൾ പറഞ്ഞത് ഇതാണ്:

''ഇനി ത്രിവർണ്ണപതാക. മുകളിൽ കുങ്കുമം. അടിയിൽ പച്ച. നടുക്കു വെള്ള. എന്താ കുങ്കുമം? ധീരതയേയും ത്യാഗ സന്നദ്ധതയേയും സൂചിപ്പിക്കുന്നു. അടിക്കാനും ഇടിക്കാനും തല്ലാനും കുത്താനും കഴിവുള്ളവനാണ് മോളി കാണുന്ന ഈ കുങ്കുമം. ഈ താഴെ കാണുന്ന പച്ച അതല്ല. അത് സസ്യസമ്പൂർണ്ണമായ ഭാരതഭൂമിയുടെ ഐശ്വര്യത്തെ സൂചിപ്പിക്കുന്നു. എന്നു പറഞ്ഞാൽ ഇച്ചിര കാശും പുത്തനുമൊക്കെയുള്ള ആൾക്കാരാ പച്ച. പിടികിട്ടിയോ? പക്ഷേ നടുക്കത്തെ വെള്ളയുണ്ടല്ലോ, അതു നമ്മളാ. ഹല്ലേലൂയ്യാ. മനസ്സിലായവർക്കായി ദൈവത്തെ സ്തുതിക്കുന്നു. വെള്ള നടുക്കു വന്നതിനാൽ ദൈവത്തെ വാഴ്ത്തുകയാണ്. ദേശീയപതാകയുടെ നടുക്ക് വെള്ള കൊണ്ടുവന്ന എന്റെ ദൈവത്തിനു സ്തോത്രം. വെള്ള കൊണ്ടുവന്ന എന്റെ ദൈവത്തിനു സ്തോത്രം. തീർന്നില്ല. ഈ ചക്രമുണ്ടല്ലോ, ഈ അധികാരത്തിന്റെ ചിഹ്നം, അശോകചക്രം. അതു വെള്ളേലാ. അതു പച്ചയ്ക്കും കൊടുത്തില്ല, കുങ്കുമത്തിനും ദൈവം കൊടുത്തില്ല, വെള്ളയ്ക്കാ തന്നത്, ഗ്ലോറീ. ഇനി കേക്കണോ, അശോകചക്രമെന്നാ അതിന്റെ പേര്. ശോകം - ദു:ഖം. അശോകം - ദു:ഖം മാറുമെന്ന്. അപ്പോൾ ദു:ഖം മാറണെങ്കിൽ വെള്ളേൽ വരണമെന്ന്. നീ പച്ചയാണേലും വരണം. കുങ്കുമമാണേലും ദു:ഖം മാറണമെങ്കിൽ വെള്ളേൽ വരണം, ഹല്ലേലുയ്യാ. മനസ്സിലായവർക്കായി ദൈവത്തെ സ്തുതിക്കുകയാണ്. അതു മനസ്സിലായവർക്കായി ഞാൻ ദൈവത്തെ വാഴ്ത്തുകയാണ്. ഇന്നു രാത്രി നീ വെള്ളയിൽ വരണം. അതിന്റെയർത്ഥം യേശുവിൽ വരണം, യേശുവിൽ വരാതെ നിനക്കു പ്രകാശം കിട്ടുകയില്ല. പ്രെയ്സ് ദ ലോഡ്, ആമേൻ''.

ഊളമ്പാറായിലുള്ളവർ പോലും ഇത്തരത്തിലുള്ള പ്രസംഗം നടത്താൻ ധൈര്യപ്പെടുകയില്ല. പക്ഷേ നൂറുകണക്കിനു സ്റ്റേജുകളിൽ അവറാൻ ഇതു പ്രസംഗിച്ചു. ഇതും സുവിശേഷപ്രസംഗമാണത്രേ.

വാളെടുത്തവനെല്ലാം വെളിച്ചപ്പാട് എന്ന സ്ഥിതിയാണ് പെന്തക്കോസ്തിലുള്ളത്. എന്തെങ്കിലുമൊക്കെ വിളിച്ചു പറയാൻ കഴിവുള്ളവനെല്ലാം പ്രസംഗകരാണ്. പറയുന്നതെന്താണെന്നോ അത് എത്രത്തോളം ഗൗരവമുള്ള കാര്യമാണെന്നോ ഒന്നും നോക്കാറില്ല. നല്ല സ്പീഡിൽ എന്തു പറഞ്ഞാലും ആമേൻ ഉറപ്പ്. ഇത്ര വലിയ ഗതികേട് പെന്തക്കോസ്തിലല്ലാതെ മറ്റെങ്ങും ഉണ്ടെന്നു തോന്നുന്നില്ല.

സുവിശേഷപ്രസംഗത്തിന് ഇറങ്ങിത്തിരിക്കുന്നവർ ദൈവവചനത്തിന്റെ ബാലപാഠങ്ങളെങ്കിലും പഠിച്ചിരിക്കണം. പക്ഷേ കെ.എ.ഏബ്രഹാമിന് ബൈബിൾ എന്നത് ചുക്കാണോ ചുണ്ണാമ്പാണോ എന്നു നിശ്ചയമില്ല. വായിൽ തോന്നിയത് അവറാനു പാട്ട് എന്ന പരുവത്തിലാണ് പ്രസംഗം. എന്തിനും ഏതിനും ഹാലേലൂയ്യാ പറയാൻ കുറെ ആളുകൾകൂടി ഉണ്ടായപ്പോൾ എല്ലാം തികഞ്ഞു.

ഇന്ത്യയിലെ ജനങ്ങളെ അവഹേളിച്ചു സംസാരിക്കുക എന്നത് ശ്രീമാൻ അവറാന്റെ സ്ഥിരം പരിപാടിയാണ്. കർത്താവായ യേശുക്രിസ്തു അഞ്ച് അപ്പംകൊണ്ട് അയ്യായിരം ആളുകൾക്കു ഭക്ഷണം കൊടുത്ത കഥ വിവരിച്ചിട്ട് അവറാൻ പറഞ്ഞു: മിച്ചംവന്ന അപ്പക്കഷണങ്ങൾ 12 കൊട്ട നിറച്ചെടുത്തല്ലോ. അതാരാണ്? അത് ഇന്ത്യയിലെ ജനങ്ങളാണ്. ആരു ഞങ്ങളെ കൊട്ടയിലാക്കും എന്നു ചോദിച്ചുകൊണ്ട് ആ അപ്പക്കഷണങ്ങൾ നിലവിളിക്കയാണ്. (പോരേപൂരം). അയ്യായിരം ആളുകൾ ഭക്ഷിച്ചശേഷം അവശേഷിപ്പിച്ച എച്ചിൽ ഇന്ത്യാക്കാരാണത്രേ. 'ഞങ്ങളെ കൊട്ടയിലാക്കണേ' എന്നുപറഞ്ഞ് ഈ അപ്പക്കഷണങ്ങൾ നിലവിളിക്കയും ചെയ്യുന്നു. ഇവന്റെ തലക്ക് എന്തോ കാര്യമായ തകരാറുണ്ടെന്നു ബലമായി സംശയിക്കണം.

അറിയാത്ത കുഞ്ഞ് ചൊറിയുമ്പോൾ അറിയും എന്നാണല്ലോ ചൊല്ല്. ഇതുതന്നെയാണ് അവറാനു സംഭവിക്കാൻ പോകുന്നതും. വിവരക്കേടു പ്രസംഗിക്കുന്നതു നിർത്തണമെന്ന് കെ. എ.ഏബ്രഹാമിനോടു ഡിഫെൻഡർ പറയാൻ തുടങ്ങിയിട്ട് വർഷങ്ങൾ പലതായി. പക്ഷേ അവറാൻ നാളിതുവരെ അതിനു തയ്യാറായിട്ടില്ല. ഇപ്പോൾ ഈ പ്രശ്നം ഡിഫെൻഡറിന്റെ കയ്യിൽ നിന്നു പോയിരിക്കയാണ്. സെക്യുലർ മാദ്ധ്യമങ്ങളും ചില സാംസ്കാരിക സംഘടനകളും പ്രശ്നം ഏറ്റെടുത്തുകഴിഞ്ഞു. ഇനി എന്തു സംഭവിക്കുമെന്നു കണ്ടുതന്നെ അറിയണം.

മാനസാന്തരപ്പെടാൻ ദൈവം കൊടുത്ത അവസരം കെ. എ.ഏബ്രഹാം പാഴാക്കിക്കളഞ്ഞു. കെ.സി.ജോൺ, ടി.ജെ.ശാമുവൽ തുടങ്ങിയവരുടെയൊക്കെ കൂട്ടുകിട്ടിയതോടെ താൻ വലിയവനായി എന്ന് ഈ ശുംഭൻ ധരിച്ചു. തെറ്റുതിരുത്താനാവാത്തവിധം തലക്കനം ബാധിച്ചു. ഇപ്പോൾ ഉണ്ടായിരിക്കുന്ന പ്രശ്നങ്ങൾക്കു കാരണം ഈ അഹങ്കാരംതന്നെ.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**


Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan